# Notes based on focus point Plus One History

*Prepared by Sajeevan k c GHSS Tharuvana Wayanad*

# പ്രമേയം 1

## കാലത്തിന്റെ ആരംഭം മുതൽ

## From The Beginning of Time

### പ്രിമേറ്റുകൾ (Primates)

- ഒരു വലിയ വിഭാഗം സസ്തനികളുടെ (mammals) ഒരു ഉപ വിഭാഗത്തെയാണ് പ്രിമേറ്റുകൾ എന്നു വിളിക്കുന്നത് .അവയിൽ കുരങ്ങുകൾ(monkeys), ആൾ കുരങ്ങുകൾ (apes),മനുഷ്യർ (humans) എന്നിവ ഉൾപെടുന്നു.
- രോമാവൃത ശരീരം ,നീണ്ട ഗർഭ ധാരണ കാലം ,വിവിധ തരത്തിലുള്ള പല്ലുകൾ ,സ്തന ഗ്രന്ഥി, സ്ഥിരമായ ശരീര ഊഷ്മാവ് നിലനിർത്താനുള്ള കഴിവ് എന്നിവ പ്രിമേറ്റുകൾക്കുണ്ട് .
- പ്രിമേറ്റുകൾ ആവിർഭവിച്ചത് ഏഷ്യയിലും ആഫ്രിക്കയിലുമാണ്

**1)ഹോമോ ജനുസ്സിൽപെട്ട അനേകം വിഭാഗങ്ങളുണ്ട്. വിശദീകരിക്കുക**

ഹോമോ ജനുസ്സിൽപെട്ട അനേകം വിഭാഗങ്ങളുണ്ട്. ഹോമോ ഹാബിലിസ്, ഹോമോ ഇറക്ടസ്, ഹോമോ സാപിയൻസ്, ഹോമോ സാപിയൻസ് സാപിയൻസ് എന്നിവയാണ് അതിൽ പ്രധാനപെട്ടവ

ഹോമോ ഹാബിലിസ്

- 2.2 ദശലക്ഷം വർഷങ്ങൾക്കു മുമ്പാണ് ഹോമോ ഹാബിലിസിന്റെ ഉത്ഭവം.
- "വിദഗ്ദ മനുഷ്യൻ" എന്നറിയപ്പെടുന്ന ഹോമോ ഹാബിലിസാണ് ആദ്യത്തെ പണിയായുധ നിർമ്മാതാക്കൾ ഹോമോ ജനുസ്സിലെ ആദ്യത്തെ അംഗമായ ഇവർ ആഫ്രിക്കയിലാണ് ജീവിച്ചിരുന്നത്

- ഹോമോ ഹാബിലിസ്സിന്റെ ഫോസിലുകൾ എത്യോപ്യയിലെ ഒമോ ,ടാൻസാനിയയിലെ ഓൾഡുവായ് ജോർജ് എന്നിവിടങ്ങളിൽ  നിന്ന് കണ്ടെടുത്തിട്ടുണ്ട്.

ഹോമോ ഇറക്ടസ്

1.8 ദശലക്ഷം വർഷങ്ങൾക്ക് മുമ്പാണ് ഹോമോ ഇറക്ടസിന്റെ ഉത്ഭവം.നിവർന്ന മനുഷ്യൻ(**upright man** ) എന്നറിയപ്പെടുന്ന ഹോമോ ഇറക്ടസ്സാണ് ആധുനിക മനുഷ്യന്റെ നേരിട്ടുള്ള പൂർവ്വികൻ.

- തീ കണ്ടുപിടിച്ചതും വസ്ത്രങ്ങൾ ഉപയോഗിച്ച് തുടങ്ങിയതും ഹോമോ ഇറക്ടസാണ്.|
- ഹോമോ ഇറക്ടസിന്റെ ഫോസിലുകൾ ആഫ്രിക്കയിൽ നിന്നും ഏഷ്യയിൽ നിന്നും കണ്ടെടുത്തിട്ടുണ്ട്. കൂബി ഫോറ പടിഞ്ഞാറെ ടർക്കാന, കെനിയ എന്നിവിടങ്ങളിൽ നിന്നെല്ലാം അവരുടെ ഫോസിലുകൾ കണ്ടുകിട്ടിയിട്ടുണ്ട്.

ഹോമോ സാപിയൻസ്

- ഹോമോ ഇറക്ടസിനുശേഷം ഭൂമിയിൽ പ്രത്യക്ഷപ്പെട്ട മനുഷ്യവർഗ്ഗമാണ് ഹോമോ സാപിയൻസ്. ഉദ്ദേശം 8 ലക്ഷം വർഷങ്ങൾക്കുമുമ്പ് ആഫ്രിക്കയിലാണ് ഇവർ ഉത്ഭവിച്ചത്. ഹോമോ ഇറക്ടസിനെപ്പോലെ ഹോമോ സാപിയൻമാരും ആഫ്രിക്കൻ വൻകരയിൽ നിന്ന് ഏഷ്യ, യൂറോപ്പ്, എന്നിവിടങ്ങളിൽ എത്തുകയായിരുന്നു.
- “ബുദ്ധിമാനായ മനുഷ്യൻ" എന്നാണ് അവർ  അറിയപ്പെടുന്നത്.
- ഹോമോ സാപിയൻസിന്റെ ഫോസിലുകൾ യൂറോപ്പിലാദ്യമായി കണ്ടെടുത്തത് ജർമ്മനിയിലെ ഹെയ്ഡൽബർഗ് ,നിയാണ്ടർത്താൽ എന്നീ പ്രദേശങ്ങളിൽ നിന്നാണ്.
- ഹെയ്ഡൽബർഗിലെ ഫോസിലുകളെ "ഹോമോ ഹെയ്ഡൽബർ ഗെൻസിസ്  "എന്നും നിയാണ്ടർത്താൽ താഴ്വരയിലെ ഫോസിലുകളെ  "നിയാണ്ടർത്താലെൻസിസ്  "എന്നും വിളിക്കുന്നു.

**ഹോമോ സാപിയൻസ് സാപിയൻസ്**

- ഹോമോ ജനുസ്സിൽപ്പെട്ട  അവസാന വിഭാഗം.
- ആധുനിക മനുഷ്യൻ

2) 'ഹോമിനോയിഡുകളും' 'ഹോമിനിഡുകളും 'തമ്മിൽ ചില വ്യത്യാസങ്ങൾ ഉണ്ടായിരുന്നു. അവ ഏതൊക്കെ യാണെന്ന് വിശദീകരിക്കുക

**ഹോമിനോയിഡുകൾ**

- പ്രിമേറ്റുകളുടെ ഒരു ഉപവിഭാഗം
- തലച്ചോറ്  ചെറുതായിരുന്നു
- നാൽക്കാലികളായിരുന്നു
- നിവർന്നു നിൽക്കാൻ കഴിഞ്ഞിരുന്നില്ല
- കൈകൾക്ക് വഴക്കമോ വൈദഗ്ദ്യമോ  ഉണ്ടായിരുന്നില്ല

**ഹോമിനിഡുകൾ**

- ഹോമിനോയിഡുകളിൽ നിന്നും ഉത്ഭവിച്ച ഒരു ശാഖ
- തലച്ചോറ് വലുതായിരുന്നു
- ഇരുകാലികളായിരുന്നു.
- നിവർന്നു നിൽക്കാൻ കഴിഞ്ഞിരുന്നു
- കൈകൾക്ക് വഴക്കവും വൈദഗ്ദ്യവും ഉണ്ടായിരുന്നു

**3) ആസ് ട്രലോപിത്തേക്കസ്സിന്റെ ഫോസിലുകൾ ആദ്യമായി കണ്ടെത്തിയത് ആരാണ്? എവിടെ നിന്നാണ് അവ കണ്ടെത്തിയത് ?**

- **ആസ് ട്രലോപിത്തേക്കസ്സിന്റെ ഫോസിലുകൾ ആഫ്രിക്കയിലെ ഓൾഡുവൈ മലയിടുക്കിൽ നിന്നാണ് കണ്ടെത്തിയത് .**
- **ഈ പ്രദേശം തിരിച്ചറിയപ്പെടുന്നത് പുരാവസ്തു ശാസ്ത്രജ്ഞന്മാരായ ലീക്കെ ദമ്പതിമാരുടെ (മേരി ലീക്കെ, ലൂയി ലീക്കെ) പേരിലാണ്**
- **1959 ജൂലൈ 17 – നാണ് മേരി ലീക്കെ ആസ്ട്രലോപിത്തേക്കസ്സിന്റെ ഫോസിലുകൾ കണ്ടെത്തിയത്**

**4) ആദിമ മനുഷ്യർ ഭക്ഷണം നേടുന്നതിന് പല മാർഗ്ഗങ്ങൾ സ്വീകരിച്ചിരുന്നു. വിശദീകരിക്കുക.**

- **ആദിമ മനുഷ്യർ ഭക്ഷണം നേടിയിരുന്നത് ശേഖരിച്ചും, നായാടിയും, ചത്ത ജന്തുക്കളുടെ മാംസമെടുത്തും, മീൻപിടിച്ചുമായിരുന്നു.**
- **സസ്യോല്പന്നങ്ങളായ വിത്തുകൾ, അണ്ടിപ്പരിപ്പുകൾ കായ് കനികൾ, കിഴങ്ങുകൾ എന്നിവയാണ് അവർ ശേഖരിച്ചിരുന്നത്.**
- **ആദിമ മനുഷ്യർ അന്വേഷിച്ചും നായാടിയും ഭക്ഷണം സംഘടിപ്പിച്ചിരുന്നു.**
- **സ്വാഭാവികമായി ചത്തുപോയ അല്ലെങ്കിൽ മറ്റു ഹിംസ്ര ജന്തുക്കൾ കൊന്നിട്ടുപോയ മൃഗങ്ങളുടെ മാംസവും**

മജ്ജയുമെല്ലാം അവർ ഭക്ഷണത്തിനായി അന്വേഷിച്ചിരുന്നു.

- സസ്തനജീവികൾ (എലി, അണ്ണാൻ, തുടങ്ങിയവ), പക്ഷികൾ (അവയുടെ മുട്ടകളും), ഇഴജന്തുക്കൾ, കീടങ്ങൾ (ഉദാ- ചിതൽ) തുടങ്ങിയവയെ ആദിമ ഹോമിനിഡുകൾ ഭക്ഷിച്ചിരുന്നു
- മത്സ്യ ബന്ധനം ആദിമ മനുഷ്യരുടെ ഒരു പ്രധാന ജീവസന്ധാരണ മാർഗ്ഗമായിരുന്നു
- മനുഷ്യർ നായാട്ട് ആരംഭിച്ചത് ഏറെ വൈകിയാണ്

**5) മനുഷ്യ പരിണാമത്തിന്റെ 'പ്രാദേശിക തുടർച്ചാ മാതൃക'യും ' (Regional Continuity Model ) ' പകരം വെക്കൽ മാതൃകയും (ഏകോല്പത്തി മാതൃക -Replacement Model )തമ്മിലുള്ള വ്യത്യാസങ്ങൾ വിലയിരുത്തുക.**

- ആധുനിക മനുഷ്യരുടെ ഉത്ഭവസ്ഥലം ഏതാണെന്ന പ്രശ്നം ഏറെ ചർച്ചചെയ്യപ്പെട്ടിട്ടുള്ള വിഷയമാണ്. ഇതിനെ സംബന്ധിച്ച് രണ്ടു വിരുദ്ധ വീക്ഷണങ്ങൾ പണ്ഡിതന്മാർ മുന്നോട്ടു വെച്ചിട്ടുണ്ട്.പ്രാദേശിക തുടർച്ചാ മാതൃകയും ഏകോല്പത്തി മാതൃകയും ' (പകരം വെക്കൽ മാതൃക)
- പ്രാദേശിക തുടർച്ചാ മാതൃക
- ആധുനിക മനുഷ്യൻ ഉത്ഭവിച്ചത് പല പ്രദേശങ്ങളിലാണെന്ന് ഈ മാതൃക പറയുന്നു. പല പ്രദേശങ്ങളി ലുള്ള ആദിമ ഹോമോസാപിയൻസ് ക്രമേണ മനുഷ്യരായി പരിണമിച്ചുവെന്ന് ഈ സിദ്ധാന്തത്തിന്റെ വക്താക്കൾ വാദിക്കുന്നു

- ആധുനിക മനുഷ്യന്റെ വളർച്ചയ്ക്ക് അനുയോജ്യമായ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ പല ഭാഗങ്ങളിലാണ് നിലനിന്നിരുന്നത്. അതിനാൽ ഹോമോ സാപിയൻസ് പല ഭാഗങ്ങളിലാണ് ഉത്ഭവിച്ചത്.
- ലോകത്തിന്റെ പല ഭാഗത്തുള്ള ആധുനിക മനുഷ്യർ തമ്മിൽ പ്രഥമ ദൃഷ്ട്യാ വ്യത്യാസങ്ങളുണ്ട് .അവരുടെ രൂപങ്ങളും പ്രകൃതവും ശാരീരിക സവിശേഷതകളും വ്യത്യസ്തങ്ങളാണ്. പല പ്രദേശങ്ങളിൽ ഉത്ഭവിച്ചതുകൊണ്ടാണ് മനുഷ്യർക്കിടയിൽ ഇത്തരത്തിലുള്ള വ്യത്യാസങ്ങൾ ഉണ്ടായത്
- ഒരേ പ്രദേശങ്ങളിൽ തന്നെ താമസിച്ചിരുന്ന മനുഷ്യ വിഭാഗങ്ങൾക്കിടയിൽ തന്നെ വ്യത്യാസങ്ങൾ നിലനിന്നിരുന്നു.
- ഒരേ പ്രദേശത്ത് തന്നെ താമസിച്ചിരുന്ന ഹോമോ ഇറക്ടസ് - ഹോമോ ഹെയ്ഡൽബർഗൻസിസ് ജനതകൾ തമ്മിൽ വലിയ വ്യത്യാസങ്ങളുണ്ട്.
- എത്യോപ്യ, മൊറോക്കോ,ആസ്ട്രേലിയ, ബോർണിയോ, ഫ്രാൻസ് തുടങ്ങിയ പ്രദേശങ്ങളിൽ നിന്ന് കണ്ടെടുത്തിട്ടുള്ള ഫോസിലുകൾ അവ വ്യത്യസ്ത കാലഘട്ടത്തിലുള്ളവയാണെന്ന് കാണിക്കുന്നു
- ഇത് മനുഷ്യർ പല പ്രദേശങ്ങളിലാണ് ഉത്ഭവിച്ചതെന്ന് കാണിക്കുന്നു

<u>ഏകോല്പത്തി മാതൃക ' (പകരം വെക്കൽ മാതൃക)</u>

- ആധുനിക മനുഷ്യർ ഉത്ഭവിച്ചത് ആഫ്രിക്കയിലാണെന്ന് ഈ മാതൃക പറയുന്നു.അവരുടെ പ്രധാന വാദഗതികൾ താഴെ പറയുന്നവയാണ്.
- ആധുനിക മനുഷ്യരുടെ ജനിതകവും ശരീര ശാസ്ത്രപരവുമായ ഏകത മനുഷ്യർ ഒരു ഏകകത്തിൽ ഉത്ഭവിച്ചു എന്നതിന് തെളിവാണ്. ആധുനിക മനുഷ്യരിൽ കാണുന്ന എണ്ണമറ്റ സാദൃശ്യങ്ങളുടെ പ്രധാന കാരണം അവർ ആഫ്രിക്ക എന്ന ഏകകേന്ദ്രത്തിലെ ജനങ്ങളിൽ നിന്ന് ഉത്ഭവിച്ചതു കൊണ്ടാണെന്ന് ഈ മാതൃക ചൂണ്ടികാണിക്കുന്നു.
- ആധുനിക മനുഷ്യരുടെ ആദ്യ ഫോസിലുകൾ ആഫ്രിക്കയിൽ നിന്ന് (എത്യോപ്യയയിലെ ഒമോയിൽനിന്ന്) കണ്ടെടുത്തിരുന്നു. ഇവ 5.6 ദശലക്ഷം വർഷങ്ങൾക്കു മുമ്പുള്ളവയാണ്. നേരെമറിച്ച് ആഫ്രിക്കയുടെ വെളിയിൽ നിന്ന് കണ്ടെടുത്തിട്ടുള്ള മനുഷ്യ ഫോസിലുകൾക്ക് 1.8 ദശലക്ഷം വർഷങ്ങൾമാത്രമേ പഴക്കമുള്ളൂ. ഈ തെളിവ് ഏകോല്പത്തി മാതൃകയെ പിന്തുണയ്ക്കുന്നു.
- ആധുനിക മനുഷ്യർക്കിടയിലെ ശാരീരിക വ്യത്യാസങ്ങൾ അവർ കുടിയേറിയതും അന്തിമമായി സ്ഥിര താമസ മാക്കിയതുമായ പ്രത്യേക പ്രദേശങ്ങളുമായി ഇണങ്ങി ചേർന്നതിന്റെ ഫലമായിട്ടുണ്ടായതാണെന്ന് ഈ മാതൃക നിരീക്ഷിക്കുന്നു.
- റെബേക്കാ കാൻ , ലീക്കെ ദമ്പതിമാർ, ഡൊണാൽഡ് ജോഹൻസൺ എന്നിവരുടെ പഠനങ്ങളും ഉത്ഖനനങ്ങളും ഏകോൽപത്തി മാതൃകയെയാണ് ശരിവെയ്ക്കുന്നത്

**6) ആസ്ട്രലോപിത്തേക്കസും ഹോമോയും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തൊക്കെയാണ്?**

- ആസ് ട്രലോപിത്തേക്കസ്

- ദക്ഷിണ ദേശത്തെ വാനരൻ
- ചെറിയ മസ്തിഷ്കം
- കൂടുതൽ ഉന്തിയ താടിയെല്ല്
- വലിയ പല്ലുകൾ
- വനവാസികൾ

<u>ഹോമോ</u>

- മനുഷ്യൻ
- വലിയ മസ്തിഷ്കം
- കുറച്ച് ഉന്തിയ താടിയെല്ല്
- ചെറിയ പല്ലുകൾ
- പുൽമേട്ടുകളിൽ താമസിച്ചു

**7) ആദിമ മനുഷ്യന്റെ വാസ സ്ഥലത്തെ കുറിച്ച് വിശദീകരിക്കുക**

**(From tress to caves and open air sites)**

- ഒരേ സ്ഥലങ്ങൾ തന്നെ ഹൊമിനിഡുകൾക്കും മറ്റ് പ്രിമേറ്റുകൾക്കും മാംസ ഭുക്കുകൾക്കും പങ്കു വെക്കാൻ കഴിഞ്ഞിരുന്നു

- ഹോമോഹബിലുസുകൾ മിക്കവാറും ഇരയുടെ സിംഹ ഭാഗവും അതിനെ പിടിച്ചിടത്തു നിന്ന് തന്നെ ഭക്ഷിക്കുകയും വ്യത്യസ്ഥ ഇടങ്ങളിൽ ഉറങ്ങുകയും ഏറിയ സമയവും മരങ്ങളിൽ തന്നെ ചെലവഴിക്കുകയും ചെയ്തു എന്ന് പുരാവസ്തു ശാസ്ത്രജ്ഞർ പറയുന്നു
- 400,000 വർഷങ്ങൾക്ക് മുമ്പ് മുതൽ 125,000 വർഷങ്ങൾക്ക് മുമ്പ് വരെ ആദിമ മനുഷ്യർ ഗുഹകളും തുറന്ന വാസ സ്ഥലങ്ങളും ഉപയോഗിക്കാൻ തുടങ്ങി
- ദക്ഷിണ ഫ്രാൻസിലെ ലസറേറ്റ് ഗുഹ ആദിമ മനുഷ്യന്റെ താവളങ്ങളിൽ ഒന്നായിരുന്നു .ദക്ഷിണ ഫ്രാൻസിലെ ടെറാ അമാറ്റയും വാസ സ്ഥലമായി ഉപയോഗിച്ചിരുന്നു

## പ്രമേയം 2

### എഴുത്തുവിദ്യയും നഗര ജീവിതവും

### Writing and city life

1) വ്യത്യസ്ത പരിസ്ഥിതികളുള്ള ഒരു നാടാണ് ഇറാക്ക്. വിശദമാക്കുക.

- വ്യത്യസ്ത പരിസ്ഥിതികളുള്ള ഒരു നാടാണ് ഇറാക്ക്. അതിന്റെ വടക്കു-കിഴക്കു ഭാഗത്ത് ഹരിതാഭമായ സമതലങ്ങളും, മരങ്ങൾ നിറഞ്ഞ, അരുവികളും കാട്ടുപൂക്കളുമുള്ള മലനിരകളും കിടക്കുന്നു.
- ബി.സി. ഇ.7000 നും 6000 നും മധ്യേയാണ് ഇവിടെകൃഷിയാരംഭിച്ചത്. ഇറാക്കിന്റെ വടക്കുഭാഗത്ത് ഒരു പുൽമേടുണ്ട്. ഈ പ്രദേശം കാലിമേച്ചിലിന് അനുയോ ജ്യമായിരുന്നു.
- കിഴക്കുഭാഗത്ത് ടൈഗ്രീസിന്റെ പോഷകനദികൾ ഇറാനിലെ മലനിരകളിലേക്ക് വിനിമയ മാർഗ്ഗങ്ങൾ പ്രദാനം ചെയ്തു.

- തെക്കുഭാഗത്ത് ഒരു മരുഭൂമിയാണ്. ഇവിടെയാണ് ആദ്യ നഗരങ്ങളും എഴുത്തുവിദ്യയും ആവിർഭവിച്ചത്.
- വടക്കു- കിഴക്ക് - സമതലങ്ങൾ, മലനിരകൾ (കൃഷി)
- **വടക്ക് - പുൽമേടുകൾ (കാലിമേക്കൽ)**
- **കിഴക്ക് - ടൈഗ്രീസ്സിന്റെ പോഷക നദികൾ (വിനിമയ മാർഗ്ഗങ്ങൾ)**
- **തെക്ക് - മരുഭൂമി (നഗരങ്ങൾ)**

**2) മെസ്സൊപ്പൊട്ടേമിയൻ എഴുത്തുവിദ്യയെക്കുറിച്ച് ഒരു സെമിനാർ പേപ്പർ തയ്യാറാക്കുക.**

- 
- **നഗര ജീവിതം ആരംഭിച്ചത് മെസൊപൊട്ടേമിയയിലാണ്. യൂഫ്റട്ടീസ്, ടൈഗ്രീസ് എന്നീ നദികൾക്കിടയിൽ സ്ഥിതിചെയ്യുന്ന മെസൊപൊട്ടേമിയ ഇപ്പോൾ ഇറാക്കിന്റെ ഭാഗമാണ്**
- **മെസൊപൊട്ടേമിയൻ സംസ്കാരം അറിയപ്പെടുന്നത് അതിന്റെ അഭിവൃദ്ധി, നഗരജീവിതം, ബൃഹത്തും സമ്പന്ന വുമായ സാഹിത്യം, ഗണിതം, ജ്യോതിശാസ്ത്രം എന്നിവയുടെ പേരിലാണ്. ബി.സി.ഇ. 2000 ന ശേഷം മെസൊപൊട്ടേമിയായിലെ എഴുത്തുവിദ്യയും സാഹിത്യവും കിഴക്കൻ മെഡിറ്ററേനിയൻ, ഉത്തര സിറിയ, തുർക്കി എന്നിവിടങ്ങളിലേയ്ക്കു പ്രചരിച്ചിരുന്നു.**
- **മെസൊപൊട്ടേമിയയിലെ നഗരവൽകൃതമായ ദക്ഷിണഭാഗം സുമർ, അക്കാഡ് എന്നിങ്ങനെയാണ് അറിയപ്പെട്ടിരുന്നത്**
- **ബി.സി.ഇ. 2000 ന ശേഷം ബാബിലോൺ ഒരു പ്രധാന നഗരമായി ഉയർന്നു വന്നപ്പോൾ ഈ ദക്ഷിണ ഭാഗം ബാബിലോണിയ എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി.**
- **ബി.സി.ഇ. 1100 മുതൽ അസ്സീറിയന്മാർ മെസൊപൊട്ടേമിയയുടെ ഉത്തര ഭാഗത്ത് അവരുടെ രാജ്യം**

- സ്ഥാപിച്ചു. അതോടെ ഈ പ്രദേശം "അസ്സീറിയ" എന്നറിയപെടാൻ തുടങ്ങി

<u>എഴുത്തുവിദ്യയുടെ വികാസം</u>

- ആദ്യത്തെ മെസോപ്പൊട്ടാമിയൻ ഫലകങ്ങളിൽ ചിത്രങ്ങളെപോലെയുള്ള ചിഹ്നങ്ങളും അക്കങ്ങളുമാണുള്ളത്
- ഉറുക് നഗരത്തിലെ ക്ഷേത്രങ്ങളിലേക്ക് കൊണ്ടു വന്നതോ അവിടെനിന്ന് വിതരണം ചെയ്യപ്പെട്ടതോ ആയ കാള ,റൊട്ടി ,മത്സ്യം തുടങ്ങിയവയുടെ നിരവധി ചിത്രങ്ങൾ ഇതിലുണ്ട് .
- സമൂഹത്തിന് ഇടപാടുകളുടെ രേഖകൾ സൂക്ഷിക്കേണ്ടി വന്നപ്പോഴാണ് എഴുത്തുവിദ്യ ആരംഭിച്ചത് .
- മെസോപ്പൊട്ടാമിയക്കാർ കളിമൺ ഫലകങ്ങളിൽ ആണ് എഴുതിയിരുന്നത് .എഴുത്തുകാരൻ കളിമണ്ണ് കുഴച്ച് ഒരുകയ്യിൽ സുഖകരമായി പിടിക്കാവുന്ന വലുപ്പത്തിൽ ഒരു ഫലകം രൂപപ്പെടുത്തിയെടുക്കും. എന്നിട്ട് അതിന്റെ ഉപരി തലങ്ങൾ ശ്രദ്ധാപൂർവ്വം മിനുക്കിയെടുക്കും. മൂർച്ചയുള്ള ഒരു പ്രത്യേക തരം നാരായം ഉപയോഗിച്ച് ആപ്പിന്റെ ആകൃതിയിൽ (ക്യൂണിഫോം) മിനുസമുള്ള പ്രതലത്തിൽ അക്ഷര ചിഹ്നങ്ങളെ പതിപ്പിക്കും.അതിന് ശേഷം കളിമൺ ഫലകം വെയിലത്തുവച്ച് ഉണക്കിയെടുക്കും. ഇതോടെ കളിമണ്ണ് ഉറയ്ക്കുകയും ഫലകങ്ങൾ മൺപാത്രങ്ങൾപോലെ നശിക്കപ്പെടാതിരിക്കുകയും ചെയ്യും.

<u>ക്യൂണിഫോം</u>

- ക്യൂനസ്, ഫോർമ എന്നീ ലാറ്റിൻ പദങ്ങളിൽ നിന്നാണ് ക്യൂണിഫോം എന്ന വാക്കുണ്ടായത്.
- ക്യൂനസ്, എന്നാൽ ആപ്പ് എന്നുംഫോർമ എന്നാൽ "ആകൃതി" എന്നുമാണ് അർത്ഥം.ക്യൂണിഫോം അക്ഷരങ്ങൾക്ക് ആപ്പിന്റെ ആകൃതിയാണുള്ളത്
- ബി.സി.ഇ. 2600 ഓടെ അക്ഷരങ്ങൾ ക്യൂണിഫോമും, ഭാഷ സുമേറിയനും ആയിത്തിർന്നു.രാജകീയ വിളംബ രങ്ങളും ഭരണപരമായ രേഖകളും എഴുതി സൂക്ഷിക്കുന്നതിന് വേണ്ടിയാണ് എഴുത്തുവിദ്യ പ്രധാനമായും ഉപയോഗിച്ചിരുന്നത്

- നിഘണ്ടു നിർമ്മാണത്തിനും, ഭൂമിയിടപാടുകൾക്ക് നിയമ സാധുത നൽകുന്നതിനും രാജാക്കന്മാരുടെ പ്രവൃത്തികൾ ആഖ്യാനം ചെയ്യുന്നതിനും, രാജാവ് മാമൂൽ നിയമ ത്തിൽ വരുത്തുന്ന മാറ്റങ്ങൾ പ്രഖ്യാപിക്കുന്നതിനും അതുപ യോഗിക്കപ്പെട്ടു. സാഹിത്യരചനയ്ക്കുവേണ്ടിയും എഴുത്തുവിദ്യ ഉപയോഗിക്കപ്പെട്ടു
- ആദ്യ ഭാഷയായ സുമേറിയൻ ഭാഷ ക്രമേണ അപ്രത്യക്ഷമാവുകയും അക്കാഡിയൻ ഭാഷ സ്ഥാപിക്കപ്പെടുകയും ചെയ്തു (ബി.സി. ഇ.2400 നുശേഷം).
- അക്കാഡിയൻ ഭാഷയിലുള്ള ക്യൂണിഫോം എഴുത്തുവിദ്യ സി.ഇ. ഒന്നാം നൂറ്റാണ്ടുവരെ ഉപയോഗത്തിൽ തുടർന്നു.

<u>എഴുത്തു രീതി</u>

- ഒരു ക്യൂണിഫോം ചിഹ്നം പ്രതിനിധാനം ചെയ്യുന്ന ശബ്ദം ഒരു ഏകവ്യഞ്ജനമോ സ്വരമോ അല്ല ,അവ അക്ഷര ങ്ങളാണ്.
- അതിനാൽ ഒരു മൊസൊപ്പൊട്ടേമിയൻ പകർപ്പെഴുത്തുകാരൻ നൂറുകണക്കിന്ചിഹ്നങ്ങൾ പഠിക്കേണ്ടതുണ്ടായിരു ന്നു.
- ഒരു നനഞ്ഞ ഫലകം കൈകാര്യം ചെയ്യാനും അതുണങ്ങുന്നതിനുമുമ്പ് അതിലെഴുതാനും അയാൾക്കറിയണമായിരുന്നു. അതിനാൽ എഴുത്തുവിദ്യ വിദഗ്ദമായ ഒരുകരകൗശലവിദ്യയായിരുന്നു.
- ഒരു പ്രത്യേക ഭാഷയുടെ ശബ്ദവ്യവസ്ഥയെ ദൃശ്യരൂപത്തിലേക്കു പകരുന്ന ഒരു ധൈഷണിക നേട്ടം കൂടിയായിരുന്നു അത്.
- <u>സാക്ഷരത</u>

- വളരെക്കുറച്ച് മൊസൊപ്പൊട്ടേമിയക്കാർക്ക് മാത്രമേ എഴുതാനും വായിക്കാനും അറിയുമായിരുന്നുള്ളൂ.
- നൂറു കണക്കിന് ചിഹ്നങ്ങൾ പഠിക്കുക എളുപ്പമായിരുന്നില്ല. മാത്രമല്ല, ഈ ചിഹ്നങ്ങളിലേറെയും വളരെ സങ്കീർണ്ണമായിരുന്നു.

- രാജാവ് സാക്ഷരനാണെങ്കിൽ അദ്ദേഹത്തെ പ്രകീർത്തിച്ചുകൊണ്ടുള്ള കൊത്തുലിഖിതങ്ങളിൽ അക്കാര്യം വലിയൊരു നേട്ടമായി രേഖപ്പെടുത്തിയിരുന്നു.

- എഴുത്തുവിദ്യയുടെ ഉപയോഗങ്ങൾ
- നഗരജീവിതവും വ്യാപാരവും എഴുത്തുവിദ്യയും തമ്മിലുള്ള ബന്ധം കാണിക്കുന്ന ഒരു ഇതിഹാസകാവ്യം സുമേറിയയിലുണ്ട്.
- ഉറുക്കിലെ ആദ്യകാല രാജാവായ എൻമെർക്കറെ കുറിച്ചാണ്ഈ കാവ്യം എഴുതപ്പെട്ടിട്ടുള്ളത്. ഉറുക്ക് പ്രശസ്തമായ ഒരു നഗരമായിരുന്നു.
- മറ്റ് ദേശങ്ങളുമായി സാംസ്കാരികമായും വാണിജ്യപരമായും സമ്പർക്കം പുലർത്തുന്നതിനും എഴുത്തുവിദ്യ സഹായിച്ചു
- എഴുത്തുവിദ്യ വ്യാപാരം സുഗമമാക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിച്ചു
- കണക്കുകൾ സൂക്ഷിക്കാനും നിയമങ്ങൾ രേഖപ്പെടുത്താനും സാഹിത്യ സൃഷ്ടികൾ നടത്താനും എഴുത്തു വിദ്യ പ്രയോജനകരമായി

  എഴുത്തുവിദ്യയുടെ ശേഷി പ്പ്

- മെസൊപ്പൊട്ടേമിയക്കാർ ശാസ്ത്രരംഗത്ത് വലിയ സംഭാവനകൾ നൽകിയിരുന്നു.
- ശാസ്ത്രരംഗത്തുള്ള അവരുടെ സംഭാവന എഴുത്തുവിദ്യയുടെ നേട്ടമാണ്. ശാസ്ത്രത്തിന് ലിഖിത ഗ്രന്ഥങ്ങൾ ആവശ്യമാണ്
- ഗണിതശാസ്ത്രം, കലണ്ടർ നിർമ്മാണം (സമയം കണക്കുകൂട്ടാൻ) എന്നിവയിൽ മെസൊപ്പൊട്ടേമിയക്കാർ
- മികവുറ്റ സംഭാവനകൾ നൽകിയിട്ടുണ്ട്.
- ഗണിതശാസ്ത്രത്തിൽ ഗണിതം, ഹരണം, ക്ഷേത്രഫലം (square )വർഗ്ഗമൂലം (square root)എന്നിവ അവർ കണ്ടുപിടിച്ചു.

- 2 ന്റെ വർഗ്ഗമൂലത്തിന് ശരിയായ ഉത്തരത്തിൽ നിന്ന് നേരിയ വ്യത്യാസമെയുള്ളു.
- ഭൂമിക്കു ചുറ്റുമുള്ള ചന്ദ്രന്റെ ഭ്രമണമനുസരിച്ച് ഒരു വർഷത്തെ 12 മാസങ്ങളായും, ഒരു മാസത്തെ നാല്ആഴ്ച്ചകളായും, ഒരു ദിവസത്തെ 24 മണിക്കൂറുകളായും, ഒരു മണിക്കൂറിനെ 60 നിമിഷങ്ങളായും തിരിക്കുന്ന രീതി മൊസൊ പൊട്ടേമിയക്കാരാണ് കണ്ടുപിടിച്ചത്.
- ചന്ദ്രന്റെ പ്രയാണത്തെ ആസ്പദമാക്കിയുള്ള ഈ കലണ്ടർ ലോകം സ്വീകരിച്ചു.
- മെസൊപൊട്ടേമിയക്കാരുടെ കലണ്ടർ അലക്സാണ്ടർ ചക്രവർത്തിയുടെ പിൻഗാമികൾ സ്വീകരിച്ചു.
- അവരിൽ നിന്ന് അത് റോമൻ ലോകത്തേക്കും, അവിടെനിന്ന് ഇസ്ലാമിക ലോകത്തേയ്ക്കും പിന്നീടത് മധ്യകാല യൂറോപ്പിലേക്കും പ്രചരിച്ചു.

3) മാരിയുടെ ഐശ്വര്യത്തിന്റെ ഒരു പ്രധാന കാരണം വ്യാപാരമാണ്, ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ" എന്തുകൊണ്ട്?

- രാജകീയ തലസ്ഥാനമായ മാരി ബി.സി.ഇ. 2000 ന ശേഷം വലിയ ഐശ്വര്യവും അഭിവൃദ്ധിയും പ്രാപിച്ചു.
- ദക്ഷിണ ഭാഗത്തിനും ധാതുദ്രവ്യങ്ങളാൽ സമ്പന്നമായ തുർക്കി-സിറിയ -ലെബനോൻ എന്നിവയ്ക്കും മധ്യേ യൂഫ്രട്ടീസിന്റെ തീരത്താണ് മാരി സ്ഥിതിചെയ്യുന്നത്.
- പശ്ചിമ മരു പ്രദേശത്തുള്ള നാടോടി സമൂഹങ്ങൾ പലപ്പോഴും കാർഷിക അഭിവൃദ്ധിയുടെ കേന്ദ്രങ്ങളിലേക്ക് കടന്നു വരികയും സ്ഥിര താമസമാക്കുകയും ചെയ്തിരുന്നു
- അവരിൽ കുറച്ചു പേർക്ക് കരുത്താർജിക്കാനും അവരുടേതായ ഭരണം സ്ഥാപിക്കാനും കഴിഞ്ഞു .അമോറൈറ്റുകൾ ,അസീറിയന്മാർ ,അക്കാഡിയന്മാർ എന്നിവർ ഇതിൽ ഉൾപ്പെടുന്നു .മെസോപൊട്ടാമിയൻ സമൂഹവും സംസ്കാരവും വ്യത്യസ്ത സംസ്കാരങ്ങൾക്കും ജനങ്ങൾക്കുമായി തുറന്നിടപ്പെട്ടു
- മാരിയിലെ രാജാക്കന്മാർ അമോറൈറ്റുകൾ ആയിരുന്നു

- കൃഷിയും മൃഗപരിപാലനവുമായിരുന്നു ഈ പ്രദേശത്തെ ജനങ്ങളുടെ മുഖ്യതൊഴിൽ.
- വ്യാപാരത്തിന്റെ ഒരു കേന്ദ്ര സ്ഥാനമാണിത്.യൂഫ്രട്ടീസ് നദിയിലൂടെ ബോട്ടുകളിൽ കൊണ്ടുവരുന്ന മരത്തടി, ചെമ്പ്, വെളുത്തീയം, എണ്ണ, വീഞ്ഞ് തുടങ്ങിയ സാധനങ്ങൾ ഇവിടെ കച്ചവടം ചെയ്യപ്പെടുന്നു.
- വ്യാപാരത്താൽ പുരോഗതി പ്രാപിക്കുന്ന ഒരുനഗര കേന്ദ്രത്തിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് മാരി. ഉരച്ചുമിനുക്കിയ കല്ലുകളും, മരത്തടിയും,വീഞ്ഞും, എണ്ണവീപ്പകളും വഹിച്ചുകൊണ്ടുവരുന്ന ബോട്ടുകൾ ദക്ഷിണ നഗരങ്ങളിലേക്കുള്ള അവരുടെയാത്രയ്ക്കിടയിൽ മാരിയിൽ നിർത്തിയിടും.
- നഗരത്തിലെ ഉദ്യോഗസ്ഥന്മാർ ബോട്ടിലെ ചരക്കുകൾപരിശോധിച്ച് നികുതി ഈടാക്കും.
- ചെമ്പും വെളുത്തീയവുമാണ് വ്യാപാരം ചെയ്യപ്പെട്ടിരുന്ന മറ്റ സാധനങ്ങൾ.
- സാധനങ്ങളുടെ മൂല്യത്തിന്റെ പത്തിലൊന്നാണ് നികുതിയായിഈടാക്കിയിരുന്നത്.
- മാരിസൈനികമായി ശക്തമായിരുന്നില്ല. പക്ഷേ ആരാജ്യം അസാധാരണാം വിധം ഐശ്വര്യസമൃദ്ധമായിരുന്നു

**4) മാരിയിൽ ഇടയന്മാരും കർഷകരും തമ്മിൽ സംഘർഷങ്ങളും നിലനിന്നിരുന്നു. ചർച്ച ചെയ്യുക**

- വിത കഴിഞ്ഞ വയലുകളിലൂടെ വിള നശിപ്പിച്ചുകൊണ്ട് തന്റെ ആട്ടിൻ പറ്റവുമായി ആട്ടിടയൻ കടന്നുപോകുമ്പോൾ സംഘർഷങ്ങൾ ഉണ്ടാകാറുണ്ട്.
- അതുപോലെ നാടോടികളായ ഇടയന്മാർ കാർഷിക ഗ്രാമങ്ങൾ ആക്രമിക്കുകയും ചെയ്യാറുണ്ട്.
- കർഷകരാകട്ടെ ഇടയന്മാർക്ക് നദികളിലേയ്ക്ക് പ്രവേശനവും കനാൽ ജലവും നിഷേധിച്ചുകൊണ്ട് സംഘർഷങ്ങൾക്ക് വഴിയൊരുക്കി.

## പ്രമേയം 3

### മൂന്ന് ഭൂഖണ്ഡങ്ങളിലായി വ്യാപിച്ച കിടന്നിരുന്ന ഒരു സാമ്രാജ്യം

### An empire across three continents

ചെറുതെങ്കിലും, സുസംഘടിത സൈനിക ശക്തിയായ മധ്യ ഇറ്റാലിയൻ നഗരമായ റോം, അലക്സാണ്ട റിന്റെ സാമ്രാജ്യത്തിന്റെ ശിഥിലീകരണത്തെ തുടർന്നുള്ള രാഷ്ട്രീയ ഭിന്നതകൾ മുതലെടുത്തുകൊണ്ട് നേട്ടങ്ങൾ ഉണ്ടാക്കി. ഇതിന്റെ ഫലമായിവടക്കെ ആഫ്രിക്കയിലും, കിഴക്കൻ മെഡിറ്ററേനിയൻ പ്രദേശങ്ങളിലും ബി.സി.ഇ. രണ്ടാം നൂറ്റാണ്ടു മുതൽ റോമിന്റെ നിയ്രന്ത്രണം സ്ഥാപിക്കപ്പെട്ടു.

**1) റോമൻ സാമ്രാജ്യത്തിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ വിവരിക്കുക**

- ഇന്നത്തെ യുറോപ്പിന്റെ ഭൂരിഭാഗം പ്രദേശത്തും, ഫെർട്ടൈയിൽ ക്രെസന്റ് എന്നറിയപ്പെട്ട പ്രദേശങ്ങളിലും, വടക്കെ ആഫ്റിക്കൻ പ്രദേശങ്ങളിലുമായി വ്യാപിച്ചുകിടന്ന ഒരു സാമ്രാജ്യമാണ് റോമൻ സാമ്രാജ്യം
- മെഡിറ്ററേനിയൻ സമുദ്രം റോമൻ സാമ്രാജ്യത്തിന്റെ ഹൃദയം എന്നറിയപ്പെടുന്നു
- വടക്ക് റൈൻ ,ഡാന്യൂബ് നദികളും തെക്ക് വിശാലമായ സഹാറ മരുഭൂമിയുമാണ് സാമ്രാജ്യത്തിന്റെ അതിരുകൾ തീർത്തിരുന്നത്

**2) അന്തിമ പുരാതനകാലം (Late empire/Late antiquity ) എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണ് ? ഇക്കാലത്ത്റോമൻ സാമ്രാജ്യ ത്തിലുണ്ടായ പ്രധാന രാഷ്ട്രീയ സാമ്പത്തിക മാറ്റങ്ങൾ എന്തൊക്കെയാണ് ?**

- **റോമൻ സാമ്രാജ്യത്തിന്റെ അന്തിമ കാലഘട്ടത്തെ അന്തിമ പുരാതനകാലം (Late empire/Late antiquity )എന്ന് വിളിക്കുന്നു.**
- **സി.ഇ. നാലാംനൂറ്റാണ്ടു മുതൽ ഏഴാം നൂറ്റാണ്ടു വരെയുള്ള കാലഘട്ടത്തെയാണ് ഇത് സൂചിപ്പിക്കുന്നത്**
- **സാംസ്കാരിക തലത്തിൽ ഈ കാലഘട്ടം മതജീവിതത്തിൽ സുപ്രധാനമായ സംഭവവികാസങ്ങൾക്ക് സാക്ഷ്യം വഹിച്ചു.**
- **ക്രിസ്തുമതത്തെ കോൺസ്റ്റന്റയിൻ ചക്രവർത്തി രാഷ്ട്രത്തിന്റെ ഔദ്യോഗിക മതമായി പ്രഖ്യാപിച്ചു.**
- **ഏഴാം നൂറ്റാണ്ടിൽ ഇസ്ലാം മതം ആവിർഭവിക്കുകയും ചെയ്തു**
- **രാഷ്ട്രത്തിന്റെ ഘടനയിലും വൻ മാറ്റങ്ങളുണ്ടായി. ഡയോക്ലീഷ്യൻചക്രവർത്തിയാണ് ഇതിനു തുടക്കം കുറിച്ചത്.**
- **സാമ്രാജ്യവിസ്തൃതി ഭരണപരമായ അസൗകര്യങ്ങൾ സൃഷ്ടിച്ചപ്പോൾ ഡയോക്ലീഷ്യസ്**

- തന്ത്രപരമായും സാമ്പത്തി കമായും പ്രാധാന്യം കുറഞ്ഞ പ്രദേശങ്ങൾ ഉപേക്ഷിച്ചുകൊണ്ട് സാമ്രാജ്യത്തിന്റെ നീളം വെട്ടി ക്കുറച്ചു.
- അതിർത്തികളെ അദ്ദേഹം കോട്ടകെട്ടി സംരക്ഷിച്ചു. പ്രവിശ്യകളുടെ അതിർത്തികൾ പുനഃസംഘടിപ്പിച്ചു;
- പൗരന്മാരെ സൈനിക ചുമതലകളിൽ നിന്ന് ഒഴിവാക്കി
- ഡയോക്ലീഷ്യന്റെ പിൻഗാമിയായ കോൺസ്റ്റന്റയിൻ (306-334) ഭരണരംഗത്ത് സമൂലമായ മാറ്റങ്ങൾ
- കൊണ്ടുവന്നു. പുതിയ നാണയ വ്യവസ്ഥ, പുതിയ തലസ്ഥാനം, സാമ്പത്തിക പരിഷ്കാരങ്ങൾ എന്നിവയാണ് അതിൽ പ്രധാനപ്പെട്ടവ

**3) റോമൻ സാമ്രാജ്യത്തിലെ സാമൂഹ്യ ശ്രേണികളെ കുറിച്ച് വിവരിക്കുക**

**സാമൂഹ്യ ശ്രേണികൾ**

റോമൻ സാമ്രാജ്യത്തിൽ വ്യത്യസ്തമായ അനേകം സാമൂഹ്യ വിഭാഗങ്ങൾനിലനിന്നിരുന്നു.

- ചരിത്രകാരനായ റ്റാസിറ്റസ് ആദിമ സാമ്രാജ്യത്തിലെ പ്രധാന സാമൂഹ്യവിഭാഗങ്ങളെ അഞ്ചായി തരംതിരിക്കുന്നുണ്ട്.
- സെനറ്റർമാർ, അശ്വാരൂഢവർഗ്ഗത്തിലെ പ്രമുഖർ ,ജനങ്ങളിലെ ആദരണീയ വിഭാഗം അഥവാ മധ്യവർഗ്ഗം ,കീഴാളവർഗ്ഗങ്ങൾ, അടിമകൾ

- സമൂഹത്തിലെ ഏറ്റവും ശക്തവും സമ്പന്നവുമായ വിഭാഗമായിരുന്നു സെനറ്റർമാർ . അവർ ഭൂവുടമകളായിരുന്നു
- നൈറ്റുകൾ **(knights)** അഥവാ അശ്വാരൂഢരാണ് സമൂഹത്തിലെ രണ്ടാമത്തെ ശക്തവും സമ്പന്ന വുമായ വർഗ്ഗം. മിക്ക നൈറ്റുകളും ഭൂവുടമകളായിരുന്നു.
- ബ്യൂറോക്രസി, സൈന്യം എന്നിവയിലെ ഉദ്യോഗസ്ഥന്മാർ, സമ്പന്ന വ്യാപാരികൾ, കർഷകർ എന്നിവരാണ് മധ്യവർഗ്ഗത്തിൽ ഉൾപ്പെട്ടിരുന്നത്.
- ഹ്യൂമിലിയോറസ് ' എന്നറിയപ്പെട്ടിരുന്ന കീഴാള വർഗ്ഗത്തിന്റെ സ്ഥാനം മധ്യവർഗ്ഗത്തിനു കീഴെയായിരുന്നു.
- ഗ്രാമങ്ങളിലെ പണിക്കാർ, വ്യവസായങ്ങളിലേയും ഖനികളിലേയും തൊഴിലാളികൾ,കൈവേലക്കാർ തുടങ്ങിയവരാണ് കീഴാള വർഗ്ഗത്തിൽ ഉൾപ്പെട്ടവർ
- സമുഹത്തിന്റെ ഏറ്റവും താഴെ തട്ടിലുള്ള വിഭാഗമായിരുന്നു അടിമകൾ.

പ്രമേയം 4

## മധ്യ ഇസ്ലാമിക രാജ്യങ്ങൾ

## The central Islamic lands

**1) മുസ്ലീം സമുദായത്തിലുണ്ടായ ഏറ്റവും പ്രധാന പരിഷ്കാരം ഖലീഫാ ഭരണത്തിന്റെ രൂപികരണമാണ് . വിശദീകരിക്കുക**

- പ്രവാചകൻ മുഹമ്മദ് നബി സി.ഇ. 632-ൽ മദീനയിൽ വച്ച് അന്തരിച്ചു. അദ്ദേഹത്തിന്റെ മരണശേഷം ഇസ്ലാമിന്റെ അടുത്ത പ്രവാചക സ്ഥാനം അവകാശപ്പെടാൻ ആർക്കും കഴിഞ്ഞില്ല. കാരണം മുഹമ്മദ് നബി ഇസ്ലാമിന്റെ അന്ത്യ പ്രവാചകനായിരുന്നു.
- മുഹമ്മദ് നബിയുടെ പിൻഗാമി ആരായിരിക്കണം എന്നതിനെ സംബന്ധിച്ച പിന്തുടർച്ചാവകാശ നിയമമൊന്നും രൂപപ്പെടുത്തിയിരുന്നില്ല.
- മുഹമ്മദ് നബിയുടെ മരണശേഷം അദ്ദേഹത്തിന്റെ രാഷ്ട്രീയാധികാരം വിശ്വാസികളുടെ സമുദായത്തിന് (ഉമ്മ) കൈമാറ്റം ചെയ്യപ്പെട്ടു.
- മുസ്ലിം സമുദായത്തിലുണ്ടായ ഏറ്റവും പ്രധാനപ്പെട്ട പരിഷ്കാരം ഖലിഫാ ഭരണത്തിന്റെ രൂപീകരണമാണ്.
- അതുപ്രകാരം സമുദായത്തിന്റെ നേതാവ് പ്രവാചകന്റെ "പ്രതിനിധി" അഥവാ ഖലീഫ ആയിത്തീർന്നു.
- ഖലിഫ ഇസ്ലാം മതാദ്ധ്യക്ഷനും അറബി രാഷ്ട്രത്തിന്റെ തലവനുമായിരുന്നു. ആദ്യത്തെ നാലു ഖലീഫമാരും പ്രവാചകനുമായി അടുത്ത ബന്ധമുള്ളവരായിരുന്നു

- ഖലീഫമാർക്ക് രണ്ട് ലക്ഷ്യങ്ങൾ ഉണ്ടായിരുന്നു 1 ) ഗോത്രങ്ങളെ നിയന്ത്രിക്കുക 2 ) രാഷ്ട്രത്തിന്റെ വരുമാനം വർധിപ്പിക്കുക

2) ഉമയ്യദുകളുടെ കീഴിലാണ് അറബ് സാമ്രാജ്യത്തിന്റെ രണ്ടാംവട്ട ഏകീകരണം സാധ്യമായത് . ചർച്ച ചെയ്യുക

- സി.ഇ. 661-ൽ മുആവിയ ഖലീഫയായി അധികാരമേറ്റെടുത്തു. അദ്ദേഹം സ്ഥാപിച്ച ഉമയ്യദ് രാജവംശം സി.ഇ. 750 വരെ നിലനിന്നു.
- ഉമയ്യദുകളുടെ കീഴിലാണ് അറബ് സാമ്രാജ്യത്തിൻറെ രണ്ടാവട്ട ഏകീകരണം സാധ്യമായത്.
- ഉമയ്യദുകൾ ധാരാളം രാഷ്ട്രീയ പരിഷ്കാരങ്ങൾ നടപ്പിലാക്കി. ആദ്യത്തെ ഉമയ്യദ് ഖലീഫയായ മുആവിയ സാമ്രാജ്യത്തിന്റെ തലസ്ഥാനം ഡമാസ്കസ്സിലേക്ക് മാറ്റി.
- • ബൈസാന്റയിൻ സാമ്രാജ്യത്തിന്റെ ഭരണ സ്ഥാപനങ്ങളും രാജസദസ്സിലെ ആചാരങ്ങളും അദ്ദേഹം സ്വീകരിച്ചു.
- പരമ്പരാഗതമായ പിന്തുടർച്ചാവകാശം കൊണ്ടു വന്നു
- ഉമയ്യദ് രാഷ്ട്രം ഒരു സാമ്രാജ്യത്വശക്തിയായിരുന്നു. ഭരണത്തിൽ ക്രൈസ്തവരായ ഉപദേഷ്ടാക്കളും സൊറാഷ്ട്രിയൻമാരായ ഉദ്യോഗസ്ഥന്മാരും ഉണ്ടായിരുന്നു.
- അബ്ദുൽ മാലിക്ക്( 685-705 ) ഉമയ്യദ് രാജവംശത്തിലെ പ്രധാന ഭരണാധികാരി ആയിരുന്നു.

**3) അബ്ബാസിദ് വിപ്ലവം രാജവംശത്തിലും രാഷ്ട്രീയ ഘടനയിലും ഇസ്ലാമിക സംസ്കാരത്തിലും കാതലായ മാറ്റങ്ങൾ കൊണ്ടുവന്നു. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? നിങ്ങളുടെ ഉത്തരം സമർത്ഥിക്കുക**

- **സി.ഇ. 750-ൽ 'ദവ' എന്നറിയപ്പെട്ട ഒരു പ്രസ്ഥാനം ഉമയ്യദുകളെ അട്ടിമറിച്ച് അബ്ബാസിദുകളെ അധികാരത്തിൽ പ്രതിഷ്ഠിച്ചു**
- **അബ്ബാസിദ് വിപ്ലവം രാജവംശത്തിൽ മാത്രമല്ല മാറ്റങ്ങൾ കൊണ്ടുവന്നത്. രാഷ്ട്രീയ ഘടനയിലും ഇസ്ലാമിക സംസ്കാരത്തിലും അത് കാതലായ മാറ്റങ്ങൾ വരുത്തി.**
- **കിഴക്കൻ ഇറാനിലെ ഖുറാസൻ എന്ന വിദൂര ദേശത്താണ് വിപ്ലവം പൊട്ടിപുറപ്പെട്ടത്. അറബികളും ഇറാനിയന്മാരും ചേർന്ന ഒരു സമ്മിശ്ര ജനതയാണ് ഖുറാസാനിൽ ഉണ്ടായിരുന്നത്.**
- **ഖുറാസാനിലെ അറബ് പടയാളികളിൽ ഭൂരിഭാഗവും ഇറാക്കിൽ നിന്നുള്ളവരായിരുന്നു. ഉമയ്യദ് മേധാവിത്വത്തെഅവർ എതിർത്തുപോന്നു. ഖുറാസനിലെ അറബ് പൗരന്മാർക്കും ഉമയ്യദ് ഭരണത്തോട് വിദ്വേഷമുണ്ടായിരുന്നു**
- **ഖുറാസനിലെ ഇറാനിയൻ മുസ്ലീംങ്ങളും ഉമയ്യദ് ഭരണത്തിന് എതിരായിരുന്നു.**
- **പ്രവാചകന്റെ മാതുലനായ അബ്ബാസ്സിന്റെ പിൻഗാമികളായിരുന്നു അബ്ബാസിദുകൾ**

- **അബ്ബാസിദ് സൈന്യത്തെ നയിച്ചത് ഒരു ഇറാനിയൻ അടിമയായ അബുമുസ്ലീമാണ്.സാബ് നദിക്കരയിൽ വെച്ചുണ്ടായ ഒരു യുദ്ധത്തിൽ അവസാനത്തെ ഉമയ്യദ് ഖലീഫയായ മർവാനെ അദ്ദേഹംപരാജയപ്പെടുത്തി.**
- **അബ്ബാസിദ് ഭരണത്തിൻ കീഴിൽ അറബ് സ്വാധീനം കുറയുകയും ഇറാനിയൻ സംസ്കാരത്തിന്റെ പ്രാധാന്യം വർദ്ധിക്കുകയും ചെയ്തു.**
- **അബ്ബാസിദുകൾ അവരുടെ തലസ്ഥാനം ബാഗ്ദാദിലേക്കു മാറ്റി.**
- സൈന്യത്തേയും ബ്യൂറോക്രസിയേയും പുന:സംഘടിപ്പിച്ചു. ഇവയുടെ ഗോത്രാടിത്തറ ഇല്ലാതാക്കി.
- **അബ്ബാസിദ് ഭരണാധികാരികൾ ഖലീഫാഭരണത്തിന്റെ മതപരമായ പദവിയും ചുമതലകളും ശക്തി പ്പെടുത്തി.**
- **ഇസ്ലാമിക് സ്ഥാപനങ്ങളേയും പണ്ഡിതന്മാരേയും അവർ പ്രോത്സാഹിപ്പിച്ചു.**
- **അബ്ബാസിദ് ഭരണാധികാരികൾ രാഷ്ട്രത്തിന്റെ കേന്ദ്രീകൃത സ്വഭാവം നിലനിർത്തി.**
- **ഉമയ്യദുകളുടെപ്രൗഢമായരാജകീയ വാസ്തുശിൽപകലയും രാജസദസ്സിലെ ആചാരങ്ങളും അവർ നിലനിർത്തിപ്പോന്നു.**

**4)) വിജ്ഞാനം, സംസ്കാരം എന്നീ മേഖലകളിൽ മുസ്ലീങ്ങൾ നടത്തിയിട്ടുള്ള സംഭാവനകളെക്കുറിച്ച് ഒരു സെമിനാർ പേപ്പർ തയ്യാറാക്കുക.**

- ഇസ്ലാം മതം ഉത്ഭവിച്ചത് അറേബ്യയിലാണ് ഇസ്ലാം മതത്തിന്റെ പ്രവാചകനായ മുഹമ്മദ്നബി സിഇ. 610- 632 കാലഘട്ടത്തിലാണ് അറേബ്യയിൽ ഇസ്ലാമിന്റെ പ്രബോധനങ്ങൾ നടത്തിയത് .
- വിജ്ഞാനം, സംസ്കാരം എന്നി മേഖലകളിൽ മുസ്ലീങ്ങൾ മഹത്തായ സംഭാവനകൾ നൽകിയിട്ടുണ്ട്

നിയമ സമ്പ്രദായം

- മുസ്ലിം മതപണ്ഡിതന്മാർ ( ഉലമമാർ ) ഒരു നിയമ സംഹിത (ഷരിയ) തയ്യാറാക്കി.
- മുസ്ലീംങ്ങൾക്ക് ആചാരങ്ങളിലൂടെ ദൈവമായുള്ള ബന്ധവും, സാമൂഹ്യകാര്യങ്ങളിലൂടെ അവശേഷിക്കുന്ന മാനവരാശിയുമായുള്ള ബന്ധവും നിയന്ത്രിക്കുന്നതിനാണ് ഇത് തയ്യാറാക്കിയത് .
- ഇസ്ലാമിക നിയമം തയ്യാറാക്കിയപ്പോൾ നിയമപണ്ഡിതന്മാർ യുക്തിചിന്തയ്ക്കും പ്രാധാന്യം നൽകിയിരുന്നു.
- നിയമ സമ്പ്രദായത്തിന്റെ സ്രോതസ്സുകൾ, രീതികൾ എന്നിവ വ്യാഖ്യാനിക്കുന്നതിലുണ്ടായ അഭിപ്രായ വ്യത്യാസം നിയമത്തിന്റെ നാലു ചിന്താപദ്ധതികൾക്കു രൂപം നൽകുന്നതിന് ഇടവരുത്തി.
- മാലികി, ഹനഫി, ഷാഫി, ഹൻബലി എന്നിവയാണ് ഈ നാലു ചിന്താപദ്ധതികൾ.
- സുന്നി സമൂഹത്തിലെ എല്ലാ നിയമ പ്രശ്നങ്ങൾക്കും ഷരിയ മാർഗ്ഗനിർദ്ദേശം നൽകി. വിവാഹം,വിവാഹ മോചനം,പൈതൃക സമ്പത്ത് എന്നിങ്ങനെ വ്യക്തിയുടെ പദവിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്കാണ് ഷരിയ കൃത്യമായ ഉത്തരം നൽകുന്നത് .

- വാണിജ്യ പ്രശ്നങ്ങൾ, ശിക്ഷാസംബന്ധിയും ഭരണഘടനാപരവുമായ പ്രശ്നങ്ങൾ എന്നിവയ്ക്ക് അത് സൂക്ഷ്മമായ പ്രതിവിധികൾ നിർദ്ദേശിക്കുന്നില്ല.

<u>സൂഫിസം .</u>

- മധ്യകാലത്ത് ഇസ്ലാം മതത്തിലുണ്ടായ ഏറ്റവും പ്രധാനപ്പെട്ട ഒരു സംഭവവികാസമാണ് സൂഫിസത്തിന്റെ
- ഉത്ഭവം. വിശുദ്ധ ഖുറാനിൽനിന്നും മുഹമ്മദ് നബിയുടെ ജീവിതത്തിൽ നിന്നും പ്രചോദനമുൾകൊണ്ട് ആരംഭിച്ച ഒരു പരിഷ്കരണ പ്രസ്ഥാനമാണ് സൂഫിസം.
- സന്യാസജീവിതം, അജ്ഞേയവാദംഎന്നിവയിലൂടെ ദൈവത്തെ ആഴത്തിൽ മനസ്സിലാക്കുന്നതിനാണ്സൂഫികൾ ശ്രമിച്ചത്.
- ഭൗതിക ജീവിതത്തോടും സുഖ സൗകര്യങ്ങളോടും സമൂഹം കാണിച്ച തൃഷ്ണയെ സൂഫികൾ നിരാകരിച്ചു. അത്തരമൊരു ലോകത്തെ അവർ തള്ളിപ്പറയുകയും ദൈവത്തിൽമാത്രം വിശ്വാസമർപ്പിക്കുകയും ചെയ്തു.
- സൂഫികൾ അജ്ഞേയവാദികളും സർവ്വേശ്വരവാദികളുമായിരുന്നു. പ്രാർത്ഥനയ്ക്കും സ്നേഹത്തിനും അവർ ഊന്നൽ നൽകി
- ദൈവത്തിന്റെ ഏകത്വത്തിലും അവന്റെ സൃഷ്ടിയിലുമുള്ള വിശ്വാസമാണ് സർവ്വേശ്വരവാദം .മനുഷ്യന്റെ

ആത്മാവ് അതിന്റെ സ്രഷ്ടാവിനോടൊപ്പം ഒത്തുചേരണം എന്നാണ് അതിന്റെ അർത്ഥം.

- • ദൈവത്തോടുള്ള തീവ്രമായ സ്നേഹമാണ് ദൈവവുമായി ഒത്തുച്ചേരുന്നതിനുള്ള പ്രധാന മാർഗ്ഗം. ഈ ആശയം പ്രചരിപ്പിച്ചത് ഒൻപതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ബസ്റയിലെ റാബിയ എന്ന സന്യാസിനിയാണ്.
- ആനന്ദ മൂർച്ച ലഭിക്കുന്നതിനും, സ്നേഹത്തിന്റെയും വികാരത്തിന്റെയും ഭാവങ്ങൾ ഉണർത്തുന്നതിനും സൂഫികൾ സംഗീതാത്മകമായ ഏകതാളങ്ങൾ ഉപയോഗിച്ചിരുന്നു.
- സൂഫിസം മതം-പദവി-ലിംഗ ഭേദമെന്യേ എല്ലാവർക്കും സ്വീകരിക്കാമായിരുന്നു.

<u>സാഹിത്യം</u>

- ജ്യോതിശാസ്ത്രം, ഗണിതം, വൈദ്യശാസ്ത്രം എന്നിവയിലുള്ള ഇന്ത്യൻ കൃതികൾ ഇക്കാലത്ത് അറബി ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെടുകയുണ്ടായി
- അരിസ്റ്റോട്ടിലിന്റെ കൃതികൾ, യൂക്ലിഡിന്റെ 'എലമെന്റ്' , 'ടോളമിയുടെ 'അൽമാഗെസ്റ്റ്' ' എന്നിവ അറബി വായിക്കുന്ന പണ്ഡിതന്മാരുടെ ശ്രദ്ധ പിടിച്ച് പറ്റിയിരുന്നു.
- തത്ത്വചിന്തകനായ ഇബിൻ സിന(അവിസെന്ന) രചിച്ച '**Canon of medicine** ' എന്ന വൈദ്യശാസ്ത്ര

  ഗ്രന്ഥത്തിൽ **760** തരം മരുന്നുകളെക്കുറിച്ചും പഥ്യാഹാരത്തിന്റെ പ്രധാന്യത്തെക്കുറിച്ചും വിശദീകരിക്കുന്നുണ്ട്

- മധ്യകാല ഇസ്ലാമിക സമൂഹങ്ങൾ ഭാഷയുടേയും സാഹിത്യത്തിന്റെയും വളർച്ചയ്ക്ക് മഹത്തായ സംഭാവനകൾ നൽകിയിട്ടുണ്ട്
- അബ്ബാസിദ് കാലഘട്ടത്തിലെ കവികൾ അവരുടെ രക്ഷാധികാരികളുടെ നേട്ടങ്ങളെ പ്രകീർത്തിച്ചുകൊണ്ട് എഴുതിയ ഖണ്ഡകാവ്യങ്ങൾ ഏറെ പ്രസിദ്ധമാണ്.
- പേർഷ്യൻ വംശജരായ കവികൾ അറബിക് കാവ്യങ്ങളുടെ ചൈതന്യം വീണ്ടെടുക്കുകയും അറബികളുടെ മേധാവിത്വത്തെ വെല്ലുവിളിക്കുകയും ചെയ്തു
- പേർഷ്യൻ വംശജനായ അബുനവാസ് വീഞ്ഞ്, പുരുഷ പ്രണയം എന്നിവ പോലുള്ള പ്രമേയങ്ങളെ ആധാരമാക്കി കൊണ്ട് ക്ലാസിക്കൽ കവിതകൾ രചിക്കുകയുണ്ടായി
- സമാനിഡ് ആസ്ഥാന കവിയായ രുദകി **(Rudhaki)** യെയാണ് പുതിയ പേർഷ്യൻ കാവ്യത്തിന്റെ പിതാവായി കണക്കാക്കുന്നത്.
- പുതിയകാവ്യത്തിൽ ചെറിയ ലിറിക്കൽ കവിതകളും (ഗസൽ) നാലുവരി കവിതകളും( **Rubai**)ഉൾപ്പെട്ടിരുന്നു.
- റുബെയ് അതിന്റെ ഉന്നതിയിലെത്തിയത് ഉമർ ഖയ്യാമിലൂടെയാണ്.
- മഹ് മൂദ് ഗസ്നിക്കു ചുറ്റും ഒരു സംഘം കവികളുമുണ്ടായിരുന്നു. അവർ ഇതിഹാസ കാവ്യങ്ങളും പദ്യ സമാഹാരങ്ങളും രചിച്ചു. അവരിൽ ഏറ്റവും പ്രമുഖൻ ഫിർദൗസി ആയിരുന്നു.

- 'ഷാനാമ '(book of kings) എന്ന ഇതിഹാസം രചിക്കുന്നതിന് വേണ്ടി ഫിർദൗസി 30 വർഷങ്ങൾ ചെലവഴിച്ചു
- 'കലീല വ ദിംന 'എന്ന ഗ്രന്ഥം പഞ്ചതന്ത്രം കഥകളുടെ അറബിക് പരിഭാഷയാണ്
- രാത്രികൾതോറും ഷർസാദ് തന്റെ ഭർത്താവിനോട് പറഞ്ഞ കഥകളുടെ സമാഹാരമായ "ആയിരത്തൊന്നു രാവുകൾ" മറ്റൊരു പ്രശസ്തമായ ഗ്രന്ഥമാണ്
- ബാലദുരി രചിച്ച 'Geneologies of the Nobles , 'തബരിയുടെ 'പ്രവാചകന്മാരുടേയും രാജാക്കന്മാരുടേയും ചരിത്രം' എന്നീ രണ്ടു പ്രധാന ചരിത്ര ഗ്രന്ഥങ്ങളിൽ ഇസ്ലാമിക കാലഘട്ടത്തിന് ഊന്നൽ നൽകികൊണ്ട് മുഴുവൻ മാനവചരിത്രവും പ്രതിപാദിച്ചിട്ടുണ്ട്.
- മുഖദസ്സിയുടെ (Muqaddasi) 'അഹ്സൻ അൽ- ടക്കാസിം' എന്ന ഭൂമിശാസ്ത്ര ഗ്രന്ഥം ലോകത്തിലെ രാജ്യങ്ങളെക്കുറിച്ചും ജനങ്ങളെക്കുറിച്ചുമുള്ള താരതമ്യപഠനമാണ്.
- മസൂദിയുടെ' മുരജ് അൽ - ദഹാബ '(Golden meadows )എന്ന ഗ്രന്ഥത്തിൽ ഭൂമിശാസ്ത്രവും പൊതു ചരിത്രവും സമന്വയിപ്പിക്കപ്പെട്ടിട്ടുണ്ട്.
- അൽ ബിറൂണിയുടെ 'തഹികിക് അൽ-ഹിന്ദ് ' (ഇന്ത്യയുടെ ചരിത്രം) എന്ന പുസ്തകം രചിക്കപ്പെട്ടതും ഇക്കാലത്താണ്

വാസ്തുശില്പ കല

- സ്പെയിൽ മുതൽ മധ്യേഷ്യവരെ കാണപ്പെടുന്ന മതപരമായകെട്ടിടങ്ങൾ (മുസ്ലിം പള്ളികൾ ,ദേവാലയങ്ങൾ ,ശവകുടീരങ്ങൾ ) എല്ലാം ഒരേ മാതൃകയിലാണ് നിർമ്മിച്ചിട്ടുള്ളത്
- കമാനങ്ങൾ, താഴികക്കുടങ്ങൾ, മിനാരങ്ങൾ, തുറസ്സായ നടുമുറ്റങ്ങൾ എന്നിവയാണ് ഈ മാതൃകയുടെ പ്രധാന സവിശേഷതകൾ.
- മുസ്ലീം പള്ളികൾക്ക് വ്യത്യസ്തമായ ഒരു വാസ്തുശില്പ ഘടന ഉണ്ടായിരുന്നു. അവയുടെ മേൽപ്പുരയെ താങ്ങിനിർത്തിയിരുന്നത് സ്തംഭങ്ങളാണ്.
- ഓരോ പള്ളിയിലും തുറസ്സായ നടുമുറ്റം ഉണ്ടായിരുന്നു. അവിടെ ഒരു ജലനിർഗ്ഗമന മാർഗ്ഗമോ ,
  കുളമോ

  ഉണ്ടായിരുന്നു
- ഹാളിന്റെ ഉൾഭാഗത്ത് രണ്ട് സവിശേഷതകളുണ്ട്: ഒരു നിഷും, ഒരു പ്രസംഗവേദിയും. ചുമരിലുള്ള നിഷ് മക്കയിലേയ്ക്കുള്ള ദിശ സൂചിപ്പിക്കുന്നു. വെള്ളിയാഴ്ചകളിലെ ഉച്ച പ്രാർത്ഥനാ സമയത്ത് മതപ്രസംഗം നടത്തുന്നതിനാണ് പ്രസംഗവേദി ഉപയോഗിച്ചിരുന്നത്.
- ഹാളിനോട് ചേർന്ന് ഒരു മിനാരമുണ്ട്. വിശ്വാസികളെ നിശ്ചിത സമയങ്ങളിൽ പ്രാർത്ഥനയ്ക്ക് വിളിക്കുന്നതിനാണ് ഈ ഗോപുരം ഉപയോഗിച്ചിരുന്നത്.
- മുസ്ലീം പള്ളികളും ശവകുടീരങ്ങളും പണിതിരുന്ന അതേ മാതൃകയിൽ തന്നെയാണ് സാർത്ഥവാഹക സംഘം തങ്ങുന്ന സത്രങ്ങൾ, ആശുപത്രികൾ, കൊട്ടാരങ്ങൾ എന്നിവ നിർമ്മിച്ചിരുന്നത്.

- ഉമയ്യദുകൾ മരുപ്പച്ചകളിൽ "മരുഭൂമി കൊട്ടാരങ്ങൾ" പണി കഴിപ്പിച്ചിരുന്നു.

## പ്രമേയം 5

## നാടോടി സാമ്രാജ്യങ്ങൾ

## NOMADIC EMPIRES

**1) കുരിൽറ്റെയിസ് (Quiriltais)എന്താണെന്ന് വിവരിക്കുക**

- മംഗോളിയൻ അസംബ്ലി കുരിൽറ്റെയിസ് എന്ന പേരിലാണ് അറിയപ്പെട്ടത് ,രാഷ്ട്രത്തെയും സൈന്യത്തെയും സംബന്ധിച്ച സുപ്രധാന തീരുമാനങ്ങൾ എടുക്കാൻഅധികാരമുണ്ടായിരുന്ന ഈ സമിതിയിൽ മംഗോൾ ഗോത്ര തലവന്മാർ അംഗങ്ങളായിരുന്നു.
- സൈനിക മുന്നേറ്റങ്ങളെ കുറിച്ചും കീഴടക്കിയ പ്രദേശങ്ങളെ കുറിച്ചും കൊള്ള മുതൽ പങ്കിടുന്നതിനെ കുറിച്ചുമൊക്കെയുള്ള തീരുമാനങ്ങൾ എടുത്തിരുന്നത് കുരിൽറ്റെയിസ്ആയിരുന്നു

**2) മംഗോളിയരുടെ സാമൂഹിക-രാഷ്ട്രീയ-സൈനിക സംവിധാനത്തെക്കുറിച്ച് ഒരു സെമിനാർ പേപ്പർ തയ്യാറാക്കുക.**

മംഗോളിയന്മാർ 13-ഉം 14-ഉം നൂറ്റാണ്ടുകളിൽ ചെങ്കിസ് ഖാന്റെ നേതൃത്വത്തിൽ ഒന്നിലേറെ ഭൂഖണ്ഡങ്ങളിലേക്കു വ്യാപിച്ച ഒരു സാമ്രാജ്യം സ്ഥാപിക്കുകയുണ്ടായി. യൂറോപ്പും ഏഷ്യയുമെല്ലാം ഇതിൽ ഉൾപ്പെട്ടിരുന്നു

- മംഗോളിയന്മാർ ചെങ്കിസ് ഖാന്റെ കീഴിൽ അവരുടെ പരമ്പരാഗത സാമൂഹിക രാഷ്ട്രീയ ആചാരങ്ങൾ ഉപയോഗിച്ച് ഭീതിജനകമായ ഒരു സൈനിക സംവിധാനവും പരിഷ്കൃതമായ ഒരു ഭരണ രീതിയും വികസിപ്പിച്ചെടുത്തു
- മംഗോളിയന്മാർ അവരുടെ പുൽ പ്രദേശ പാരമ്പര്യം അവർ കീഴക്കിയ പ്രദേശങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുകയല്ല ചെയ്തത്. അവർ പുതിയ ആശയങ്ങൾ കൊണ്ടുവന്നു. മറ്റു ആശയങ്ങളുമായി സന്ധിചെയ്തു. അവർ സൃഷ്ടിച്ച നാടോടി സാമ്രാജ്യം ലോക ചരിത്രത്തിൽ വൻ സ്വാധീനംചെലുത്തി.

സൈനിക ഘടന

- ചെങ്കിസ് ഖാൻ മംഗോൾ ജനതയെ ഒന്നിപ്പിച്ചു.അച്ചടക്കമുള്ള ശക്തമായൊരു സൈനിക ശക്തിയായി അദ്ദേഹം അവരെ പുനസംഘടിപ്പിച്ചു .
- നൂതനമായ യുദ്ധമുറകൾ ആവിഷ്കരിച്ചും, പുൽമേടുകളിലെ പോരാട്ട പാരമ്പര്യത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയുമാണ് അദ്ദേഹം സൈനിക തന്ത്രങ്ങൾ ആവിഷ്കരിച്ചത്.
- മംഗോളിയരുടേയും തുർക്കികളുടേയും കുതിരയോട്ട വൈദഗ്ദ്യം അദ്ദേഹത്തിന്റെ സൈന്യത്തിന് വേഗതയും ചലനാത്മകതയും നൽകി.
- കുതിരപ്പുറത്തിരുന്ന് അതിവേഗം വെടിയുതിർക്കാൻ മംഗോൾ സൈനികർക്ക് കഴിയുമായിരുന്നു.പുൽ മേടിലെ കുതിരപ്പട അതി വേഗതയിൽ സഞ്ചരിക്കാനും ഏതു കാലാവസ്ഥയെ നേരിടാനും സജ്ജമായിരുന്നു.

- ശൈത്യകാലത്ത് മഞ്ഞുറഞ്ഞ് കിടക്കുന്ന നദികളെ ഹൈവെകളെ പോലെ കരുതി ശത്രുക്കളുടെ നഗരങ്ങളിലേക്കും പാളയങ്ങളിലേക്കും പുൽമേടിലെ കുതിരപ്പട പാഞ്ഞുപോകുമായിരുന്നു.
- കോട്ട പിടിച്ചെടുക്കാനുള്ള യന്ത്രങ്ങളും എണ്ണ കൊണ്ടുള്ള തീബോംബുകളും എളുപ്പം ചുമന്നു കൊണ്ടു പോകത്തക്ക മികവിൽ അദ്ദേഹത്തിന്റെ എഞ്ചിനിയർമാർ നിർമ്മിച്ചു നൽകിയിരുന്നു. അതുപയോഗിച്ച് എതിരാളികളെ നശിപ്പിക്കാൻ അദ്ദേഹത്തിനു സാധിച്ചു.
- മംഗോളിയർക്കിടയിലെ ആരോഗ്യമുള്ള പ്രായപൂർത്തിയായ എല്ലാ പുരുഷന്മാരും ആയുധങ്ങൾ ധരിച്ചിരുന്നു.ആവശ്യമുള്ള സന്ദർഭങ്ങളിൽ ഇവരാണ് സേനയായി പ്രവർത്തിച്ചിരുന്നത്.
- ചുരുക്കത്തിൽ മംഗോളിയൻ സൈന്യം താരതമ്യേന ചെറുതും ഏക ജാതീയവുമായിരുന്നു. എന്നാൽ വ്യത്യസ്ത മംഗോൾ ഗോത്രങ്ങളുടെ ഏകീകരണത്തോടെ വ്യത്യസ്ത ജനതകൾക്കുനേരെയുണ്ടായ ആക്രമണങ്ങളോടെ ചെങ്കിസ് ഖാന്റെ സൈന്യത്തിന്റെ ഘടനയിലും സ്വഭാവത്തിലും മാറ്റമുണ്ടായി.
- ചെറുതും ഏക ജാതീയവുമായ സൈന്യം വലുതും ഭിന്ന ജാതീയവുമായി മാറി. ചെങ്കിസ് ഖാന്റെ അധികാരത്തെ സ്വമനസ്സാലെ സ്വീകരിച്ചവരും തോൽപ്പിക്കപ്പെട്ട ജനതകളും അതിൽ ഉൾപ്പെട്ടിരുന്നു.
- ചെങ്കിസ് ഖാൻ തന്റെ സൈന്യത്തെ രൂപീകരിച്ചത് ദശാംശ സമ്പ്രദായത്തിലാണ്.അതായത് പടയാളികളുടെ ഗുണിതങ്ങളായി - പത്ത്, നൂറ്, ആയിരം, പതിനായിരം പടയാളികൾഎന്നിങ്ങനെ.

**കൊറിയർ സമ്പ്രദായം (yam )**

- ചെങ്കിസ് ഖാന്റെ ഏറ്റവും പ്രധാനപ്പെട്ട സംഭാവന അദ്ദേഹമാവിഷ്കരിച്ച കൊറിയർ സമ്പ്രദായമാണ്.ഇത് യാം **(yam)** എന്ന പേരിൽ അറിയപ്പെട്ടു.
- *അദ്ദേഹത്തിന്റെ വിദൂര ദേശങ്ങളിലുള്ള ഭരണകേന്ദ്രങ്ങളെ അത് കൂട്ടിയിണക്കി. നിശ്ചിത അകലത്തിലുള്ള കാവൽപ്പുരകളിൽ അശ്വാരൂഢരേയും സന്ദേശവാഹകരേയും നിയമിച്ചിരുന്നു.*
- ഈ വിനിമയ സമ്പ്രദായം നില നിർത്തുന്നതിനുവേണ്ടി നാടോടികളായ മംഗോളിയർ അവരുടെ മൃഗപറ്റത്തിലെ പത്തിലൊന്നിനെ കുതിരയേയോ മറ്റ മൃഗങ്ങളെയോ നൽകിയിരുന്നു.ഇതിനെ കുബ്കർ

  നികുതി എന്നാണ് വിളിച്ചിരുന്നത്.

  <u>യാസ</u>

- ചെങ്കിസ് ഖാൻ മികച്ചൊരു നിയമസംഹിത ആവിഷ്കരിച്ചു. ഇത് യാസ എന്നറിയപ്പെട്ടു.
- **1206** ൽ മുഖ്യൻമാരുടെ അസംബ്ലിയിൽ **(Quiriltais)** വെച്ചാണ് ചെങ്കിസ് ഖാൻ അദ്ദേഹത്തിന്റെ നിയമം പ്രഖ്യാപിച്ചത്
- ഭരണപരമായ നിയന്ത്രണങ്ങൾ, നായാട്ട് സംഘാടനം, സൈന്യം, പോസ്റ്ററൽ സമ്പ്രദായം എന്നിവ സംബന്ധിച്ച കൽപനകളും ഉത്തരവുകളുമായിരുന്നു അത്
- കുടിപ്പക, വ്യഭിചാരം, മോഷണം, കള്ള സാക്ഷി പറയൽ എന്നിവയെ അത് നിരോധിച്ചു. സ്ത്രീകളെ തട്ടികൊണ്ടുപോകുന്നതും നിരോധിക്കപ്പെട്ടു.

• ചെങ്കിസ് ഖാന്റെ നിയമസംഹിത പ്രകൃതി സംരക്ഷണത്തിന് വലിയ പ്രാധാന്യം നൽകിയിരുന്നു. നദികളിലും അരുവി കളിലും കുളിക്കുന്നതും അവയെ മലിമസമാക്കുന്നതും വിലക്കിയിരുന്നു.

• മംഗോളിയൻ ജനതയെ ഒന്നിപ്പിച്ച നിർത്തുന്നതിലും അവരുടെ സാമ്രാജ്യം നിലനിർത്തുന്നതിലും ഈ നിയമ സംഹിത മുഖ്യ പങ്കുവഹിച്ചു.

## പ്രമേയം 6

## മൂന്ന് ക്രമങ്ങൾ

## THE THREE ORDERS

1)) ഫ്യൂഡലിസത്തിലെ മൂന്ന് ക്രമങ്ങളെ കുറിച്ച് ഒരു സെമിനാർ പ്രബന്ധം തയ്യാറാക്കുക

- മധ്യകാലഘട്ടത്തിൽ യൂറോപ്പിൽ നിലനിന്നിരുന്ന സാമ്പത്തിക _സാമൂഹിക- രാഷ്ട്രീയ- നിയമ ബന്ധങ്ങളെയാണ് ചരിത്രകാരന്മാർ ഫ്യൂഡലിസം എന്നു വിശേഷിപ്പിക്കുന്നത്. “ഫ്യൂഡ്" (feud)എന്ന ജർമ്മൻ പദത്തിൽ നിന്നാണ് ഫ്യൂഡലിസമെന്ന പദം ഉരുത്തിരിഞ്ഞത്. “ഒരു തുണ്ടു ഭൂമി” എന്നാണ് ഈ വാക്കിന്റെ അർത്ഥം. മധ്യകാലഘട്ടത്തിൽ ഫ്രാൻസിലും, പിന്നീട് ഇംഗ്ലണ്ടിലും ദക്ഷിണ ഇറ്റലിയിലും വികാസം പ്രാപിച്ച സമൂഹത്തെയാണ് ഫ്യൂഡലിസം സൂചിപ്പിക്കുന്നത്.
- സാമ്പത്തികാർത്ഥത്തിൽ ഫ്യൂഡലിസം സൂചിപ്പിക്കുന്നത് ഒരു തരത്തിലുള്ള കാർഷികോല്പാദനത്തെയാണ്. ഫ്യൂഡൽ പ്രഭുക്കന്മാരും കർഷകരും തമ്മിലുള്ള ബന്ധമാണ് അതിന്റെ അടിസ്ഥാനം.
- ഫ്യൂഡലിസം ഒരു സാമ്പത്തിക വ്യവസ്ഥ മാത്രമല്ല അതിന് സാമൂഹികവും രാഷ്ട്രീയവുമായ തലങ്ങളുണ്ട്.

മൂന്ന് ക്രമങ്ങൾ

- ജനങ്ങൾ അവരുടെ പ്രവൃത്തിയനുസരിച്ച് മൂന്നു ക്രമങ്ങളിൽ ഒന്നിലെ അംഗങ്ങളാണെന്ന് ഫ്രഞ്ച് പുരോഹിത ന്മാർ വിശ്വസിച്ചിരുന്നു.
- പുരോഹിത വർഗ്ഗം, പ്രഭു വർഗ്ഗം, കർഷകർഎന്നിവരാണ് മൂന്നു ക്രമങ്ങൾ അഥവാ സാമൂഹ്യ വർ ഗ്ഗങ്ങൾ.

ഒന്നാമത്തെ ക്രമം : പുരോഹിത വർഗ്ഗം

- പുരോഹിത വർഗ്ഗമാണ് ഒന്നാമത്തെ ക്രമം അഥവാ സാമൂഹ്യ വിഭാഗം.
- കത്തോലിക്കാ സഭയ്ക്ക് സ്വന്തമായ നിയമങ്ങളും ഭരണാധികാരികൾ നൽകിയ ഭൂമിയുമുണ്ടായിരുന്നു. നികുതി പിരിക്കാനുള്ള അവകാശവും സഭയ്ക്കുണ്ടായിരുന്നു.
- പാശ്ചാത്യസഭയുടെ തലവൻ പോപ്പ് ആയിരുന്നു. അദ്ദേഹം റോമിലാണ് താമസിച്ചിരുന്നത്.
- യൂറോപ്പിലെ ക്രിസ്ത്യാനികളെ നയിച്ചിരുന്നത് ഒന്നാമത്തെ സാമൂഹ്യ വർഗ്ഗത്തിൽപ്പെട്ട ബിഷപ്പുമാരും പുരോഹിതൻമാരുമാണ്
- എല്ലാവർക്കും പുരോഹിതൻമാരാകാൻ കുഴിയുമായിരുന്നില്ല.അടിയാളർ ,വികലാംഗർ,സ്ത്രീകൾ എന്നിവർക്ക് പൂരോഹിത വൃത്തി നിഷേധിച്ചിരുന്നു
- പുരോഹിതൻമാർക്ക് വിവാഹ ജീവിതം അനുവദിച്ചിരുന്നില്ല
- ബിഷപ്പുമാർ മതരംഗത്തെ പ്രഭുക്കന്മാരായിരുന്നു.കൊട്ടാരങ്ങളിലാണ് അവർ താമസിച്ചിരുന്നത്.വലിയ എസ്റ്റേറ്റുകളുടെ ഉടമകളായിരുന്നു അവർ
- യൂറോപ്പിലെ ഏറ്റവും സമ്പന്നമായ സ്ഥാപനമായിരുന്നു സഭ .കർഷരിൽ നിന്ന് അവർ "ടൈദ് "എന്ന നികുതി പിരിച്ചെടുത്തിരുന്നു.

സന്യാസിമാർ

- ഈശ്വര സേവനത്തിനായി ജീവിതം സമർപ്പിച്ച ക്രിസ്ത്യാനികൾ പള്ളിയിൽ നിന്ന് വ്യത്യസ്തമായ ഒരു സംഘടനയ്ക്ക് രൂപം നൽകുകയുണ്ടായി. ലളിത ജീവിതത്തിനും ഏകാന്ത വാസത്തിനും ധ്യാനത്തിനും പ്രാധാന്യം നൽകിയ അവർ പുരോഹിത വർഗ്ഗത്തെപോലെ നഗരങ്ങളിലേയും ഗ്രാമങ്ങളിലേയും ജനങ്ങൾക്കിടയിലല്ല താമസിച്ചിരുന്നത്.
- അവർ ഒറ്റപ്പെട്ട ജീവിതം നയിക്കുകയും മത സമുദായങ്ങളായി താമസിക്കുകയും ചെയ്തു. ഇതിനെ സന്യാസി മഠം അഥവാ ആശ്രമങ്ങൾ (Abbeys or Monasteries) എന്നാണ് വിളിച്ചിരുന്നത്.
- ആശ്രമങ്ങളിലെ അംഗങ്ങളെ സന്യാസിമാർ എന്നും തലവനെ ആബട്ട് (abbot)എന്നും വിളിച്ചുപോന്നു.
- സന്യാസി മഠ പ്രസ്ഥാനത്തിന്റെ ഉത്ഭവം ഈജിപ്തിലാണെന്ന് കരുതപ്പെടുന്നു. ബേസിൽ പുണ്യവാളനാണ് അതിനു രൂപം നൽകിയത്.
- ഇറ്റലിയിൽ സന്യാസി മഠ പ്രസ്ഥാനത്തിന് രൂപം നൽകിയത് ബെനഡിക്റ്റ് പുണ്യവാളനാണ്. സി.ഇ. 529-ൽ ഇറ്റലിയിലെ മോണ്ടി കാസിനോ എന്നു പേരായ ഒരു കുന്നിന്റെ മുകളിലാണ് അദ്ദേഹം സന്യാസി മഠം സ്ഥാപി ച്ചത്.
- സി.ഇ.910-ൽ വില്ല്യം ഒന്നാമൻ ഫ്രാൻസിലെ ബർഗണ്ടിയിൽ ക്ലൂനി എന്നൊരു സന്യാസിമഠം സ്ഥാപിക്കുകയു ണ്ടായി.
- ഇവയ്ക്കു പുറമേ മറ്റു സന്യാസി മഠ പ്രസ്ഥാനങ്ങളും നിലനിന്നിരുന്നു (സിസ്റ്റേർഷ്യൻ, കാർത്തുഷ്യൻ, ഫ്രാൻസിസ്കൻ, ഡൊമിനിക്കൻ തുടങ്ങിയവ).
- സന്യാസിമാരിൽ ചിലർ ആശ്രമം വിട്ട് വെളിയിൽ വരികയും ജനങ്ങളോട് നേരിട്ട് മതപ്രചാരണം നടത്തുകയും
ചെയ്തിരുന്നു

- പതിനാലാം നൂറ്റാണ്ടോടെ സന്യാസിമഠ പ്രസ്ഥാനം അപചയം നേരിടാൻ തുടങ്ങ്

<u>രണ്ടാമത്തെ ക്രമം : പ്രഭുവർഗ്ഗം</u>

- രണ്ടാമത്തെ ക്രമമായ പ്രഭു വർഗ്ഗത്തിന് സാമൂഹ്യ പ്രക്രിയകളിൽ ഏറ്റവും പ്രധാന പങ്ക് വഹിക്കേണ്ടി വന്നു
  ഭൂമിയുടെ മേലുള്ള നിയന്ത്രണമാണ് അവരെ കേന്ദ്ര സ്ഥാനത്ത് പ്രതിഷ്ഠിച്ചത്.
- ഈ നിയന്ത്രണം" ആശ്രിതാവസ്ഥ' (vassalage) എന്ന സമ്പ്രദായത്തിന്റെ ഫലമായി ഉണ്ടായതാണ്.
- ഫ്യൂഡൽ സമ്പ്രദായത്തിൽ രാജ്യത്തിലെ മുഴുവൻ ഭൂമിയുടേയും അധിപൻ രാജാവായിരുന്നു.
- രാജാവ് രാജ്യത്തിലെ ഭൂമി പ്രഭുക്കന്മാർക്ക് പതിച്ചു കൊടുത്തു. അങ്ങനെ പ്രഭുക്കന്മാർ വൻ ഭൂവുടമകളായി ത്തീർന്നു. അവർ രാജാവിന്റെ ആശ്രിതരായി മാറുകയും ചെയ്തു.പ്രഭുക്കന്മാർ രാജാവിനെ തങ്ങളുടെ യജമാന നായി അംഗീകരിച്ചു.
- രാജാവ് തന്റെ ആശ്രിതന് സംരക്ഷണം നൽകാമെന്നും ആശ്രിതനായ പ്രഭു രാജാവിനോട കൂറു പുലർത്താ മെന്നും വാഗ്ദാനം ചെയ്തു.
- പ്രഭുക്കന്മാർ തങ്ങളുടെ ഭൂമി കൃഷിക്കാരന് നൽകി. അങ്ങനെ പ്രഭുക്കന്മാർ യജമാനനും കൃഷിക്കാർ ആശ്രിതരും ആയിത്തീർന്നു.
- ആശ്രിതന്മാർക്കു ഭൂമി കൈമാറിയത് വിപുലമായ ചടങ്ങുകളോടെയും പ്രതിജ്ഞകളോടെയുമാണ്.
- പള്ളിയിൽ വെച്ച് ബൈബിളിനെ സാക്ഷിയാക്കിയാണ് ആശ്രിതൻ പ്രതിജ്ഞയെടുക്കുന്നത്. ഈ ചടങ്ങു
  നടക്കുമ്പോൾ ഭൂമിയുടെ ചിഹ്നമെന്ന നിലയിൽ ആശ്രിതൻ യജമാനന് ഒരു ലിഖിത പ്രമാണമോ, ദണ്ഡോ,
  മൺകട്ടയോ നൽകുമായിരുന്നു.

- പ്രഭുക്കന്മാർക്ക് ധാരാളം വിശേഷാധികാര പദവികൾ ഉണ്ടായിരുന്നു. തന്റെ സമ്പത്തിനുമേൽ പ്രഭുവിന് സമ്പൂർണ്ണ നിയന്ത്രണം ഉണ്ടായിരുന്നു.
- അദ്ദേഹത്തിന് സ്വന്തമായി സൈന്യത്തെ രൂപീകരിക്കാമായിരുന്നു . പ്രഭുവിന് സ്വന്തമായ കോടതികൾ ഉണ്ടായിരുന്നു.
- സ്വന്തമായി പണമടിച്ചിറക്കാനുള്ള അധികാരം പോലും അദ്ദേഹത്തിനുണ്ടായിരുന്നു. തന്റെ ഭൂമിയിൽ പ്രഭുവിന് ധാരാളം ഭൂമിയുണ്ടായിരുന്നു .അതിൽ അദ്ദേഹത്തിന്റെ വാസ സ്ഥലവും സ്വകാര്യ വയലുകളും മേച്ചിൽ പുറങ്ങളും കുടിയന്മാരായ കർഷകരുടെ വീടുകളും വയലുകളും ഉൾപ്പെട്ടിരുന്നു
- പ്രഭുവിന്റെ വീടിനെ മാനർ (Manor) എന്നാണ് വിളിച്ചിരുന്നത്

<u>മാനോറിയൽ എസ്റ്റേറ്റ്</u>

- ഒരു പ്രഭുവിന് സ്വന്തമായ മാനർ ഗൃഹമുണ്ട്.ഗ്രാമങ്ങളെ നിയന്ത്രിച്ചിരുന്നതും അദ്ദേഹമാണ് .
- ഒരു ചെറിയ മാനോറിയൽ എസ്റ്റേറ്റിൽ 12 കുടുംബങ്ങളുണ്ടാകും .അതേസമയം വലിയ എസ്റ്റേറ്റുകളിൽ അമ്പതോ അറുപതോ കുടുംബങ്ങളുണ്ടാകും
- നിത്യജീവിതത്തിൽ ആവശ്യമായ എല്ലാ കാര്യങ്ങളും മാനോറിയൽ എസ്റ്റേറ്റിൽ ഉണ്ടായിരുന്നു
- വയലുകളിൽ ധാന്യങ്ങൾ വിളയിച്ചിരുന്നു .കൃഷിപ്പണിക്കരും മരപ്പണിക്കാരും കരുവാൻമാരും മാനോറിയൽ എസ്റ്റേറ്റിൽ ഉണ്ടായിരുന്നു
- സ്ത്രീകൾ വസ്ത്രങ്ങൾ നൂറ്റ ,കുട്ടികൾ പ്രഭുവിന്റെ വിഞ്ഞു നിർമ്മാണ ശാലയിൽ പണിയെടുത്തു .മാനർ പൂർണ്ണമായും സ്വയംപര്യാപ്തമായിരുന്നില്ല. ഉപ്പ്, ആട്ടുക്കല്ല്, ലോഹപാത്രങ്ങൾ എന്നിവ പുറമെനിന്നാണ് കൊണ്ടു വന്നിരു ന്നത്.

<u>നൈറ്റുകൾ</u>

- ഒമ്പതാം നൂറ്റാണ്ടു മുതൽക്ക് യൂറോപ്പിൽ ഇടയ്ക്കിടെ പ്രാദേശിക യുദ്ധങ്ങൾ ഉണ്ടായിരുന്നു. ഈ യുദ്ധങ്ങളിൽ വിജയം കൈവരിക്കാൻ കർഷക –പടയാളികൾ പ്രാപ്തരായിരുന്നില്ല. നല്ലൊരു കുതിരപ്പട ഇതിനാവശ്യമായി രുന്നു. ഇത് നൈറ്റുകൾ എന്നറിയപ്പെട്ട ഒരു പുതിയ വിഭാഗത്തിന്റെ ആവിർഭാവത്തിന് കാരണമായിത്തീർന്നു.

- നൈറ്റുകൾ യോദ്ധാക്കളായിരുന്നു. അവർ പ്രഭുക്കന്മാരുമായി ബന്ധപ്പെട്ടവരാണ്.
- ഫീഫ് എന്നറിയപ്പെട്ട ഒരു ഭൂമി പ്രഭു നൈറ്റിനു നൽകുകയും അത് സംരക്ഷിക്കാമെന്ന് ഉറപ്പുനൽ കുകയും ചെയ്തു.
- ഫീഫ് പരമ്പരാഗതമായി കൈമാറാമായിരുന്നു. അത് 1000 മുതൽ 2000 ഏക്കർ വരെ ഉണ്ടായിരുന്നു.
- അതിൽ നൈറ്റിനും കുടുംബത്തിനും താമസിക്കാനുള്ള വീട്, ഒരു പള്ളി, ജലമില്ല്, വീഞ്ഞ് നിർ മ്മാണശാല
- എന്നിവ ഉൾപ്പെട്ടിരുന്നു.
- <u>മൂന്നാമത്തെ ക്രമം : കർഷകർ (സ്വതന്ത്രരും അസ്വതന്ത്രരും)</u>
- ജനസംഖ്യയിൽ ഭൂരിഭാഗവും വരുന്ന കർഷകരാണ് മൂന്നാമത്തെ ക്രമം. ആദ്യത്തെ രണ്ടു ക്രമങ്ങളേയും നിലനിർത്തിയത് ഇവരാണ്. കർഷകർ രണ്ടുതരത്തിലുണ്ടായിരുന്നു
  1) സ്വതന്ത്ര കർഷകർ 2) അസ്വതന്ത്രകർഷകർ അഥവാ അടിയാളർ
- സ്വതന്ത്ര കർഷകർ പ്രഭുവിന്റെ കുടിയാന്മാർ എന്ന നിലയിൽ ഭൂമി കൈവശം വെച്ചിരുന്നു. അവർ വർ ഷത്തിൽ ചുരുങ്ങിയത് 40 ദിവസമെങ്കിലും പ്രഭുവിനുവേണ്ടി സൈനിക സേവനം അനുഷ്ഠിച്ചിരിക്കണം.
- ആഴ്ചയിൽ ചില നിശ്ചിത ദിവസങ്ങൾ (3 ദിവസമെങ്കിലും) അവർ പ്രഭുവിന്റെ എസ്റ്റേറ്റിൽ പോയി ജോലി ചെയ്തിരിക്കണം. ഇതിന് പ്രതിഫലമൊന്നും അവർക്ക് ലഭിച്ചിരുന്നില്ല.
- വയലുകളിൽ സഹായിക്കുന്നതിനു പുറമെ സ്ത്രീകളും കുട്ടികളും മറ്റു ചില ജോലികൾ നിർ വ്വഹിച്ചിരിക്കണം. നൂൽനൂൽക്കുക, വസ്ത്രം നെയ്യുക,മെഴുകുതിരികൾ നിർമ്മിക്കുക, വീഞ്ഞു തയ്യാറാക്കുക തുടങ്ങിയവ അവരുടെ ജോലി കളായിരുന്നു
- കർഷകരിൽ നിന്ന് രാജാവ് ഒരു പ്രത്യക്ഷ നികുതി ഈടാക്കിയിരുന്നു. ടെയ് ലി (Taiily)എന്നപേരിൽ ഇതറിയപ്പെട്ടു.

- അടിയാളർക്ക് സ്വന്തമായി ഭൂമിയുണ്ടായിരുന്നില്ല. . പ്രഭുവിന്റെ ഭൂമിയിലാണ് അവർ കൃഷി ചെയ്തത് .ഉല്പന്നങ്ങളിൽ ഭൂരിഭാഗവും പ്രഭുവിന് കൊടുക്കേണ്ടി വന്നു.പ്രഭുവിന് മാത്രം അവകാശപ്പെട്ട ഭൂമിയിലും അവർ കൃഷി ചെയ്യേണ്ടി വന്നു.
- അടിയാളരുടെ മേൽ പ്രഭുവിന്ചില കുത്തകാധികാരങ്ങൾ ഉണ്ടായിരുന്നു

## പ്രമേയം 7

## മാറുന്ന സാംസ്കാരിക പാരമ്പര്യങ്ങൾ

## Changing Cultural Traditions

1) നവോത്ഥാന കാലഘട്ടത്തിൽ ഇറ്റാലിയൻ നഗരങ്ങൾ പുനരുദ്ധരീകരിക്കപ്പെട്ടു. ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

- ലത്തീൻ സഭയും, ബൈസന്റയിൻ സാമ്രാജ്യത്തിനു കീഴിലുള്ള യൂറോപ്പും, ഇസ്ലാമും പടിഞ്ഞാറൻ യൂറോപ്പിനു പുറത്ത് ഒരു പൊതു സംസ്കാരം പടുത്തുയർത്തികൊണ്ടിരിക്കുമ്പോൾ ഇറ്റലി ദുർബ്ബലമായും ചിതറിയും കിടക്കുക യായിരുന്നു. എങ്കിലും ഈ സംഭവവികാസങ്ങൾ ഇറ്റലിയുടെ പുനരുത്ഥാനത്തെ സഹായിച്ചു.
- ബൈസാന്റയിൽ സാമ്രാജ്യവും ഇസ്ലാമിക രാജ്യങ്ങളും തമ്മിലുള്ള കച്ചവടം വ്യാപിച്ചപ്പോൾ ഇറ്റാലിയൻ തുറമുഖങ്ങൾ പുനരുദ്ധീകരിക്കപ്പെട്ടു
- പന്ത്രണ്ടാം നൂറ്റാണ്ടു മുതൽ പട്ടുപാത വഴി മംഗോളിയ ചൈനയുമായി കച്ചവടം തുറന്നപ്പോൾ പാശ്ചാത്യ
  രാജ്യങ്ങളുമായുള്ള കച്ചവടവും അഭിവൃദ്ധി പ്രാപിച്ചു. ഇറ്റാലിയൻ നഗരങ്ങൾ ഇതിൽ കേന്ദ്ര പങ്കുവഹിച്ചു.

- ഇറ്റാലിയൻ നഗരങ്ങൾ സ്വതന്ത്രനഗര രാഷ്ട്രങ്ങളായിരുന്നു. ഇതിൽ ഫ്ളോറൻസും വെനീസും റിപ്പബ്ലിക്കു കളായിരുന്നു.
- മറ്റുള്ളവ രാജകുമാരന്മാർ ഭരിക്കുന്ന കൊട്ടാര നഗരങ്ങളും ആയിരുന്നു.
- നഗരങ്ങളിൽ ഏറ്റവും ചലനാത്മകമായത് വെനീസും ജെനോവയുമായിരുന്നു.
- പുരോഹിതവർഗ്ഗത്തിനോ ഫ്യൂഡൽ പ്രഭുക്കന്മാർക്കോ ഇവിടെ വലിയ കരുത്തോ സ്വാധീനമോ ഉണ്ടായിരുന്നില്ല. സമ്പന്ന വ്യാപാരികൾക്കും ബാങ്കർമാർക്കും നഗരത്തിന്റെ ഭരണത്തിൽ പങ്കാളിത്തമുണ്ടായിരുന്നു.

2) ഹ്യൂമനിസം 'ഒരു പാഠ്യപദ്ധതിയാണ്". ഈ പ്രസ്താവനയെ അടിസ്ഥാനമാക്കി ഹ്യൂമനിസത്തിന്റെ സവിശേഷതകൾ, സർവ്വകലാശാലകളുമായി അതിനുള്ള ബന്ധം എന്നിവ വിശകലനം ചെയ്യുക.

- ഹ്യൂമനിസം അഥവാ മാനവികതയാണ് നവോത്ഥാനത്തിന്റെ മുഖ്യസവിശേഷത. ഹ്യൂമനിസത്തിന്റെ വളർച്ചയിൽ ഇറ്റാലിയൻ നഗരങ്ങളും സർവകലാശാലകളും മുഖ്യ പങ്കുവഹിച്ചു
- ഹ്യൂമനിറ്റിസ് എന്ന പദത്തിന്റെ ഉത്ഭവം "ഹ്യൂമനിറ്റാസ് " എന്ന ലാറ്റിൻ വാക്കിൽ നിന്നാണ്.
- റോമിലെ അഭിഭാഷകനും പ്രബന്ധകാരനും ജൂലിയസ് സീസറിന്റെ സമകാലികനുമായിരുന്ന സിസെറോ "സംസ്കാരം" എന്ന അർത്ഥത്തിൽ ഈ പദം അനേകം നൂറ്റാണ്ടുകൾക്കു മുമ്പു തന്നെ ഉപയോഗിച്ചിട്ടുണ്ട്
- ഹ്യൂമനിസം എന്ന പദത്തിന് രണ്ട് വ്യത്യസ്ത അർത്ഥങ്ങളുണ്ട് : സാങ്കേതികാർത്ഥവും സാമാന്യാർത്ഥവും. സാങ്കേതികാർത്ഥത്തിൽ ഹ്യൂമനിസം ഒരു പാഠ്യപദ്ധതിയാണ്. മാനവിക വിഷയങ്ങളായ ചരിത്രം, തത്ത്വചിന്ത, ധർമ്മശാസ്ത്രം, ഭാഷ, സാഹിത്യം എന്നിവയുടെ പഠനത്തെ ഹ്യൂമനിസം പ്രോത്സാഹിപ്പിച്ചു.
- പുതിയ പാഠ്യപദ്ധതിയിൽ മാനവിക വിഷയങ്ങൾക്കു പുറമെ ചിത്രകല, പ്രതിമാനിർമ്മാണകല ,വാസ്തു ശില്പകല എന്നിവയും ഉൾപ്പെട്ടിരുന്നു.

- സാമാന്യാർത്ഥത്തിൽ ഹ്യൂമനിസം മനുഷ്യന്റെ അന്തസ്സിനുവേണ്ടി നിലകൊണ്ടൊരു പ്രസ്ഥാനമായിരുന്നു. മനുഷ്യന്റെ മൂല്യത്തേയും അന്തസ്സിനേയും അത് ഉയർത്തിപ്പിടിച്ചു
- ഹ്യുമാനിറ്റീസിന്റെ പരിധിയിൽ വരുന്ന വിഷയങ്ങളൊന്നും മതത്തിൽ നിന്ന് എടുത്തവയോ, മതവുമായി ബന്ധപ്പെട്ടവയോ അല്ല. ചർച്ചയിലൂടെയും, സംവാദങ്ങളിലൂടെയും വ്യക്തികൾ വികസിപ്പിച്ചെടുക്കുന്ന കഴിവുകൾക്കാണ് അത് ഊന്നൽ നൽകുന്നത്.
- ഹ്യൂമനിസം വ്യക്തിയെ ഉയർത്തിപ്പിടിച്ച ഒരു പ്രസ്ഥാനമായിരുന്നു. മനുഷ്യന്റെ നേട്ടങ്ങൾക്കും കഴിവുകൾക്കും അത് പ്രാധാന്യം കൽപിച്ചു.
- ഒന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ വ്യാകരണം, കാവ്യമീമാംസ, കവിത, ചരിത്രം, സദാചാരതത്ത്വശാസ്ത്രം എന്നിവ പഠിപ്പിച്ചിരുന്ന ആചാര്യന്മാരെ വിശേഷിപ്പിക്കാനാണ് “ഹ്യൂമനിസ്റ്റ് " എന്ന പദം ഉപയോഗിച്ചിരുന്നത്.
- വ്യക്തിസ്വാതന്ത്ര്യത്തെ അത് ഉയർത്തിപ്പിടിച്ചു. മതേതരവാദത്തിന് ഊന്നൽ നൽകി.
- യൂറോപ്പിലെ ആദ്യകാല സർവകലാശാലകൾ സ്ഥാപിക്കപ്പെട്ടത് ഇറ്റാലിയൻ നഗരങ്ങളിലാണ് .പാദുവ, ബൊളോഗ്ന എന്നീ സർവ്വകലാശാലകൾ പതിനൊന്നാം നൂറ്റാണ്ടുമുതൽക്കു തന്നെ നിയമപഠനങ്ങളുടെ കേന്ദ്രങ്ങളായിരുന്നു.
- നഗരത്തിലെ പ്രവർത്തനം വാണിജ്യമായിരുന്നതിനാൽ വക്കീലന്മാരുടേയും നോട്ടറിമാരുടേയും ആവശ്യം വൻതോതിൽ വർദ്ധിച്ചു.
- നിയമം സർവ്വകലാകലാശാലകളിൽ ഒരു മുഖ്യ പഠനവിഷയമായിത്തീർന്നു.
- നിയമപഠനം ആദ്യകാല റോമൻ സംസ്കാരത്തിന്റെ പശ്ചാത്തലത്തിൽ നടത്തുന്നതിന് തുടക്കം കുറിച്ചത് ഇറ്റാലിയൻ സാഹിത്യകാരനായ പെട്രാർക്കാണ്.
- മാനവികതയുടെ വിപ്ലവകരമായ ആശയങ്ങൾ സർവ്വകലാശാലകളെ ആകർഷിച്ചു.പ്രത്യേകിച്ച് ഫ്ലോറൻസിൽ സ്ഥാപിക്കപ്പെട്ട പുതിയ സർവ്വകലാശാലയെ

**3)) നവോത്ഥാന കലയുടെ ഏറ്റവും പ്രധാന സവിശേഷതയാണ് റിയലിസം.എന്താണ് റിയലിസം ഉദാഹരണ സഹിതാ വ്യക്തമാക്കുക**

- **പ്രതിമാനിർമ്മാണകല, ചിത്രകല, വാസ്തുശിൽപകല തുടങ്ങിയ എല്ലാ കലാരൂപങ്ങളിലും നവോത്ഥാനം മികച്ച സംഭാവനകൾ നൽകിയിട്ടുണ്ട്. ഇവയിലെല്ലാം ഹ്യൂമനിസത്തിന്റെ സ്വാധീനമുണ്ടായിരുന്നു.**
- **ഹ്യൂമനിസ്റ്റുകൾ തങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന് കലയേയും, വാസ്തുശിൽപകലയേയും പുസ്തകങ്ങളേയും ഉപയോഗപ്പെടുത്തി.**
- **നവോത്ഥാന കലയുടെ മുഖ്യസവിശേഷത റിയലിസമായിരുന്നു. മനുഷ്യശരീരത്തെ യഥാർത്ഥമായി കൃത്യതയോടെ ചിത്രീകരിക്കാനാണ് നവോത്ഥാന കലാകാരന്മാർ ശ്രമിച്ചത്.**
- **ശാസ്ത്രജ്ഞന്മാരുടെ പഠനങ്ങൾ ഇതിനവരെ സഹായിച്ചു.അസ്ഥികളുടെ ഘടനകൾ പഠിക്കുന്നതിനായി കലാകാരന്മാർ മെഡിക്കൽ സ്കൂളുകളിലെ ലബോറട്ടറികൾ സന്ദർശിച്ചു.**
- **ജീവൻ തുടിക്കുന്നതുപോലെയുള്ള യഥാതഥമായ ശില്പങ്ങൾ നിർമ്മിച്ച് കൊണ്ട് ഫ്ളോറൻസിലെ വിഖ്യാത ശില്പിയായ ഡൊണാടെല്ലോ ഈ മേഖലയിൽ ഒരു പുതിയ പാത വെട്ടിതുറന്നു.**
- **ശരീരഘടനാ ശാസ്ത്രം, ക്ഷേത്രഗണിതം, ഭൗതികശാസ്ത്രം, ശക്തമായ സൗന്ദര്യബോധം എന്നിവ ഇറ്റാലിയൻ കലയ്ക്ക് പുതിയ ഗുണമേന്മയും സവിശേഷതയും നൽകി .ഇതിനെ "റിയലിസം" എന്ന് വിളിക്കുന്നു.**
- **ചിത്രകലയിലും പ്രതിമാനിർമ്മാണകലയിലും വാസ്തുശില്പകലയിലും ഒരു പോലെ പ്രാവിണ്യമുള്ള ചില വ്യക്തികളും നവോത്ഥാന കാലത്ത് ജീവിച്ചിരുന്നു.**
- **അവരിൽ ഏറ്റവും പ്രമുഖനാണ് മൈക്കലാഞ്ചലോ . പോപ്പിനുവേണ്ടി സിസ്റ്റീൻ ചാപ്പലിന്റെ മച്ചിൽ വരച്ച ചിത്രങ്ങൾ, "പിയേത്ത' എന്ന ശില്പം, സെന്റ് പീറ്റേഴ്സ് ചർച്ചിലെ താഴികക്കുടത്തിന്റെ രൂപകല്പന എന്നിവ മൈക്കലാഞ്ചലോവിന്റെ നാമത്തെ അനശ്വരമാക്കി.**

- ശില്പകലയിലും വാസ്തുശില്പകലയിലും മികച്ച സംഭാവനകൾ നൽകിയ മറ്റൊരു വ്യക്തിയാണ് ഫിലിപ്പോ ബ്രൂണെലേഷി
- നവോത്ഥാന കാലത്തെ വിഖ്യാത ചിത്രകാരനായിരുന്ന ലിയാനാർഡോ ഡാവിഞ്ചി.ഡാവിഞ്ചി ഒരു ബഹുമുഖ പ്രതിഭയായിരുന്നു.
- മൊണാലിസ,അവസാനത്തെ അത്താഴം തുടങ്ങിയ അദ്ദേഹത്തിന്റെ ചിത്രങ്ങൾ ലോകപ്രസിദ്ധമാണ്.

## പ്രമേയം 8
## സംസ്കാരങ്ങളുടെ അഭിമുഖീകരണം
## Confrontation of cultures

**1) മധ്യ അമേരിക്കയിലേയും തെക്കേ അമേരിക്കയിലേയും രാഷ്ട്ര വ്യവസ്ഥകളെക്കുറിച്ച് ഒരു സെമിനാർ പേപ്പർ തയ്യാറാക്കുക.**

- മധ്യ അമേരിക്കയിലും ദക്ഷിണ അമേരിക്കയിലും അനേകം മഹത്തായ സംസ്കാരങ്ങൾ നിലനിന്നിരുന്നു. ഇവയിൽ ഏറ്റവും ശ്രദ്ധേയമായത് മധ്യഅമേരിക്കയിലെ ആസ്റ്റെക് (The Aztecs) സംസ്കാരവും
  മായൻ (The Mayas ) സംസ്കാരവും, ദക്ഷിണ അമേരിക്കയിലെ ഇൻക(The Incas) സംസ്കാരവുമാണ്.
- അവ ഉയർന്ന രീതിയിൽ സുസംഘടിതമായ രാഷ്ട്രങ്ങളായിരുന്നു. ഈ നഗരവൽകൃത സംസ്കാരങ്ങൾ ക്ക് അടിത്തറയേകിയത് ചോളത്തിന്റെ മിച്ചോല്പാദനമാണ്.
- ആസ്റ്റെക്-മായൻ-ഇൻകാ സംസ്കാരങ്ങളിലെ നഗരങ്ങളിൽ പണികഴിപ്പിച്ചിരുന്ന കൂറ്റൻ വാസ്തുശില്പങ്ങളുടെ അവശിഷ്ടങ്ങൾ ഇപ്പോഴും സന്ദർശകരെ വിസ്മയിപ്പിച്ച് കൊണ്ടിരിക്കുന്നു.

**ആസ്റ്റെക്കുകൾ (The Aztecs)**

- മെക്സിക്കോ കേന്ദ്രമായി നിലനിന്നിരുന്ന സംസ്കാരമാണ് ആസ്റ്റെക് സംസ്കാരം. പന്ത്രണ്ടാം നൂറ്റാണ്ടിൽ ആസ്റ്റെക്കുകൾ വടക്കുനിന്ന് മെക്സിക്കോയിലെ മുഖ്യ താഴ്വാരത്തിലേയ്ക്ക് കുടിയേറിപ്പാർത്തു
- അവിടെയുണ്ടായിരുന്ന വിവിധ ഗോത്രങ്ങളെ തോൽപിച്ചു കൊണ്ട് വിപുലമായൊരു സാമ്രാജ്യം അവർ സ്ഥാപിച്ചു.
- ആസ്റ്റെക് സമൂഹം ശ്രേണീബദ്ധമായിരുന്നു. സമൂഹത്തിൽ അനേകം വർഗ്ഗങ്ങൾ നിലിനിന്നിരുന്നു.
- അവയിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് പ്രഭുവർഗ്ഗം. പ്രഭുക്കന്മാർ, പുരോഹിതർ, ഉന്നതപദവിയിലുള്ള മറ്റു വിഭാഗങ്ങൾ എന്നിവർ പ്രഭുവർഗ്ഗത്തിൽ ഉൾപ്പെട്ടിരുന്നു.
- പരമ്പരാഗതമായ പ്രഭുവർഗ്ഗം ഒരു ചെറിയ ന്യൂനപക്ഷമായിരുന്നു. ഗവൺമെന്റ് , സൈന്യം,പൗരോഹിത്യം എന്നിവയിലെ ഉന്നതമായ പദവികൾ അവരാണ് അലങ്കരിച്ചിരുന്നത്. പ്രഭുക്കന്മാർ അവർക്കിടയിൽ നിന്ന് കേമനായ ഒരു നേതാവിനെ തെരഞ്ഞെടുക്കുകയും മരണം വരെ അയാൾ ഭരണം നടത്തുകയും ചെയ്തു.
- സൂര്യദേവന്റെ ഭൂമിയിലുള്ള പ്രതിനിധിയായാണ് രാജാവിനെ കണക്കാക്കിയിരുന്നത്.
- യോദ്ധാക്കൾ, പുരോഹിതർ, പ്രഭുക്കന്മാർ എന്നിവരാണ് സമുഹത്തിൽ ഏറ്റവും ആദരിക്കപ്പെട്ടിരുന്ന വിഭാഗങ്ങൾ.
- വ്യാപാരികൾക്ക് ധാരാളം ആനുകൂല്യങ്ങൾ നൽകിയിരുന്നു.
- കഴിവുള്ള കൈവേലക്കാർ, ഭിഷഗ്വരന്മാർ, ബുദ്ധിമാന്മാരായ അദ്ധ്യാപകർ എന്നിവരും ആദരിക്കപ്പെട്ടിരുന്നു.
- ഭൂമി പരിമിതമായതിനാൽ ആസ്റ്റെക്കുകൾ അവയെ ഫലപുഷ്ടിപ്പെടുത്താൻ ശ്രമിച്ചു.
- വലിയ ഈറ്റ പായകൾ നെയ്തെടുത്ത് മണ്ണിട്ടുമൂടി, സസ്യങ്ങൾ വെച്ചുപിടിപ്പിച്ച് അവർ "കൃത്രിമമായ ദ്വീപുകൾ"(Chinambas) നിർമ്മിച്ചു

- 1325-ൽ ആസ്റ്റെക്കുകൾ തടാകമദ്ധ്യത്തിൽ തെനോക്ടിലാൻ (Tenochtilan)എന്ന തലസ്ഥാനനഗരം

  പണികഴിപ്പിച്ചു. അവിടെ കൊട്ടാരങ്ങളും പിരമിഡുകളും നിർമ്മിച്ചു
- ആസ്റ്റെക്കുകൾ ഇടയ്ക്കിടെ യുദ്ധങ്ങളിൽ ഏർപ്പെട്ടിരുന്നതിനാൽ അവരുടെ ക്ഷേത്രങ്ങൾ യുദ്ധദൈവങ്ങൾക്കും സൂര്യദേവനുമാണ് സമർപ്പിച്ചിരുന്നത്
- നഗരവൽകൃത സംസ്കാരമായിരുന്നുവെങ്കിലും സാമ്രാജ്യത്തിന് ഒരു ഗ്രാമീണ അടിത്തറ ഉണ്ടായിരുന്നു
- ചോളം, ബീൻസ്, മാനിയോക് റൂട്ട്, ഉരുളക്കിഴങ്ങ് തുടങ്ങിയ അനേകം വിളകൾ അവർ കൃഷി ചെയ്തിരുന്നു
- ഭൂമിയുടെ ഉടമസ്ഥത വ്യക്തികൾക്കല്ല , കുലങ്ങൾക്കായിരുന്നു
- ആസ്റ്റെക്കുകൾ വിദ്യാഭ്യാസത്തിന് വലിയ പ്രാധാന്യം നൽകിയിരുന്നു.എല്ലാ കുട്ടികളും വിദ്യാലയ ത്തിലേയ്ക്കു പോകുന്നുണ്ടെന്ന് അവർ ഉറപ്പുവരുത്തി
- പ്രഭുക്കൻമാരുടെ മക്കൾ പഠിച്ചിരുന്ന വിദ്യാലയത്തെ കൽമെകക്ക് (Calmecac)എന്നാണ് വിളിച്ചിരുന്നത്.
- സൈനിക നേതാക്കന്മാരും മതനേതാക്കന്മാരും ആകാനുള്ള പരിശീലനം അവർക്കിവിടെ ലഭിച്ചു.
- മറ്റു വിദ്യാർത്ഥികളെല്ലാം പഠിച്ചിരുന്ന വിദ്യാലയങ്ങളാണ് ടെപ്പോകല്ലി (Tepochcalli)ചരിത്രം,മിത്തുകൾ, ആചാരപരമായ ഗാനങ്ങൾ എന്നിവ വിദ്യാർത്ഥികൾ ഈ വിദ്യാലയങ്ങളിൽ നിന്ന്അഭ്യസിച്ചു.
- ആൺകുട്ടികൾക്ക് സൈനിക പരിശീലനവും കാർഷിക പരിശീലനവും ലഭിച്ചിരുന്നു. കൂടാതെ വിവിധ തൊഴിലുകളിലും അവർക്ക് പരിശീലനം സിദ്ധിച്ചിരുന്നു.
- വീട്ടുജോലികൾ ചെയ്യുന്നതിനുള്ളപരിശീലനമാണ് പെൺകുട്ടികൾക്ക് നൽകിയിരുന്നത്.

മായൻമാർ

- മെക്സിക്കോയിലെ മായൻ സംസ്കാരം പതിനൊന്നും പതിനാലും നൂറ്റാണ്ടുകൾക്ക് മധ്യേയാണ് വികാസം പ്രാപിച്ചത്.
- മായൻ സംസ്കാരത്തിന്റെ കേന്ദ്രബിന്ദു ചോളം കൃഷിയായിരുന്നു. ചോളം നടുമ്പോഴും വിളവെടുപ്പ് നടത്തു മ്പോഴും അതുമായി ബന്ധപ്പെട്ട് ധാരാളം മതപരമായ ആചാരങ്ങൾ ഉണ്ടായിരുന്നു.
- കാർഷികരംഗത്ത് മിച്ചോല്പാദനം നടത്താൻ മായൻമാർക്ക കഴിഞ്ഞു. ഇത് വാസ്തുവിദ്യയിൽ നിക്ഷേപം നടത്താനും ജ്യോതിശാസ്ത്രത്തിന്റെയും ഗണിതശാസ്ത്രത്തിന്റെയും വികസനത്തിനായി ഉപയോഗിക്കാനും  സഹായിച്ചു.
- എഴുത്തുവിദ്യ, വാസ്തുവിദ്യ, ഗണിതശാസ്ത്രം, ജ്യോതിശാസ്ത്രം തുടങ്ങിയ മേഖലകളിൽ മായൻമാർ ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്.
- ചിത്രലിപികളടങ്ങിയ ഒരു അക്ഷരമാല അവർ രൂപപ്പെടുത്തിയിട്ടുണ്ട്.അത് ഭാഗികമായിട്ടു മാത്രമേ വായിക്കാൻ കഴിഞ്ഞിട്ടുള്ളൂ.

പെറുവിലെ ഇൻകകൾ

- തെക്കേ അമേരിക്കയിലെ  തദ്ദേശീയ സംസ്കാരങ്ങളിൽ ഏറ്റവും വലുതും പരിഷ്കൃതവുമാണ് പെറുവിലെ ഇൻകകളുടെ സംസ്കാരം
- ഇൻകകൾ കെച്ച് വാ Quechua)വിഭാഗത്തിൽ പെട്ടവരായിരുന്നു.അവരുടെ ഭാഷയും  കെച്ച് വാ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്
- 'ഇൻകാ' എന്ന വാക്കിന്റെ അർത്ഥം രാജ്യം ഭരിക്കുന്ന ചക്രവർത്തി എന്നാണ്. ഇൻകാ രാജ്യത്തിന്റ തലസ്ഥാനം 'കുസ്കോ' (Cuzco) എന്നു പേരായ ഒരു നഗരമായിരുന്നു
- ആദ്യത്തെ ഇൻക ചക്രവർത്തിയായ മാൻകോ കപ്പക് ആണ് അത് സ്ഥാപിച്ചത്.ഇൻക സാമ്രാജ്യം ഇക്വഡോർ മുതൽ ചിലി വരെ 3000 മൈലുകൾ വ്യാപിച്ചിരുന്നു.

- ഇൻക സാമ്രാജ്യം കേന്ദ്രീകൃതമായിരുന്നു. അധികാരത്തിന്റെ ഉറവിടം രാജാവായിരുന്നു.
- പുതിയതായി ആക്രമിച്ചു കീഴടക്കിയ ഗോത്രങ്ങളെ സാമ്രാജ്യത്തിൽ ഫലപ്രദമായി ലയിപ്പിച്ചിരുന്നു
- ഓരോ പ്രജയും  രാജസദസ്സിലെ ഭാഷയായ 'കെച്ച് വാ'' സംസാരിക്കണമെന്ന് നിർ ബന്ധമുണ്ടായിരുന്നു
- ഗോത്രഭരണം നിർവ്വഹിച്ചിരുന്നത് മുതിർന്നവരുടെ കൗൺസിലാണ്.
- പ്രാദേശിക ഭരണാധികാരികൾ ചക്രവർത്തിയ്ക്ക് സൈനിക സഹായം നൽകിയിരുന്നു.
- ഇൻകാ സാമ്രാജ്യം ആസ്റ്റെക് സാമ്രാജ്യത്തെപ്പോലെ ചക്രവർത്തിയുടെ നിയന്ത്രണത്തിലുള്ള കോൺഫെഡറസി ആയിരുന്നു.
- ഒരു ദശലക്ഷത്തിലേറെ ജനങ്ങൾ ഇൻകാ സാമാജ്യത്തിലുണ്ടായിരുന്നു എന്നാണ് കരുതപ്പെടുന്നത്.
- ആസ്റ്റെക്കുകളെപോലെ ഇൻകകളും പ്രൗഡിയേറിയ നിർമ്മാതാക്കളും ശില്പികളുമായിരുന്നു.
- ഇക്വഡോർ മുതൽ ചിലി വരെ മലമ്പ്രദേശങ്ങളിൽ കൂടി അവർ ധാരാളം റോഡുകൾ പണികഴിപ്പിച്ചു.
- അനേകം കോട്ടകൾ, ക്ഷേത്രങ്ങൾ. കൊട്ടാരങ്ങൾ, മാളികകൾ തുടങ്ങിയവ അവർ നിർമ്മിച്ചിരുന്നു
- ശിലാ ഫലകൾകൊണ്ടാണ് അവരുടെ കോട്ടകൾ നിർമ്മിച്ചിരുന്നത്. ശിലാ ഫലകങ്ങൾ പൂർ ണ്ണതയോടെ

  വെട്ടിയെടുത്തിരുന്നതിനാൽ കുമ്മായത്തിന്റെ പോലും ആവശ്യമുണ്ടായിരുന്നില്ല.
- ശിലകളെ പാളികളായി അടർത്തിയെടുത്ത് ശിലാഖണ്ഡങ്ങളായി രൂപപ്പെടുത്തിയെടുക്കുക എന്ന രീതിയാണ് കല്ലാശാരികൾ പിന്തുടർന്നിരുന്നത്.
- ഇൻകാ സംസ്കാരത്തിന്റെ അടിത്തറ കൃഷിയായിരുന്നു. മണ്ണിന് ഫലപുഷ്ടി കുറവായതിനാൽ മലയുടെ ഭാഗങ്ങളിൽ അവർ തട്ടുകളുണ്ടാക്കുകയും ജലസേചന സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുകയും ചെയ്തു

- ഇൻകകൾ വൻതോതിൽ കൃഷിചെയ്തിരുന്നു.ചോളം, ഉരുളക്കിഴങ്ങ് തുടങ്ങിയവ അവർ കൃഷി ചെയ്തു.
- ഇൻകകളുടെ മറ്റൊരു പ്രധാന തൊഴിലായിരുന്നു കാലിവളർത്തൽ. ലാമ വർഗ്ഗത്തിൽപ്പെട്ട ആടുകളെ

  ഭക്ഷണത്തിനു വേണ്ടിയും പണിയെടുപ്പിക്കാനുമായി അവർ വളർത്തിയിരുന്നു.
- ഇൻകകളുടെ നെയ്ത്തുവിദ്യയ്ക്കും മൺപാത്ര നിർമ്മാണത്തിനും ഉന്നത ഗുണമേന്മ ഉണ്ടായിരുന്നു.
- എഴുത്തുവിദ്യ അവർ വികസിപ്പിച്ചെടുത്തിരുന്നില്ല. എങ്കിലും കണക്കുകൂട്ടുന്ന ഒരു സമ്പ്രദായം അവർക്കുണ്ടായിരുന്നു
- ചരടുകളിൽ (Quipu) പ്രത്യേക ഗണിത യൂണിറ്റുകൾ സൂചിപ്പിക്കുന്ന കെട്ടുകളിട്ടാണ് അവർ കണക്കുകൂട്ടലുകൾ നടത്തിയിരുന്നത്. ഈ ചരടുകളിൽ ഒരു തരത്തിലുള്ള രഹസ്യഭാഷ അവർ നെയ്തെടുത്തിരുന്നുവെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.
- ഇൻകാ സാമ്രാജ്യത്തിൽ ഒരു പിരമിഡു പോലെയുള്ള അധികാര ഘടനയാണ് ഉണ്ടായിരുന്നത്.അതിനാൽ ഇൻകാ ഭരണാധികാരി പിടിക്കപ്പെട്ടാൽ ഉടനെതന്നെ അധികാര ശൃംഖലയിലെ തൊട്ടടുത്തുള്ള മുഖ്യൻ നേതൃത്വം ഏറ്റെടുക്കുമായിരുന്നു.
- ആസ്റ്റെക്കുകളുടെയും ഇൻകകളുടേയും സംസ്കാരത്തിൽ പൊതുവായ ചില സവിശേഷതകളുണ്ട്. അവ യൂറോപ്യൻ സംസ്കാരത്തിൽ നിന്ന് തികച്ചും വ്യത്യസ്തമായിരുന്നു.
- ആസ്റ്റെക് -ഇൻക സംസ്കാരങ്ങളിലെ സമൂഹങ്ങൾ ശ്രേണീബദ്ധമായിരുന്നു. രണ്ടു സംസ്കാരങ്ങളിലും വിഭവങ്ങളുടെ സ്വകാര്യ ഉടമസ്ഥാവകാശം ഉണ്ടായിരുന്നില്ല.
- രണ്ടു സംസ്കാരങ്ങളും പുരോഹിതന്മാർക്കും ഷമാൻമാർക്കും ഉയർന്ന പദവി നൽകുകയും വലിയ ക്ഷേത്രങ്ങൾ പണികഴിപ്പിക്കുകയും ചെയ്തു
- സ്വർണ്ണത്തിനോ വെള്ളിക്കോ അവർ വലിയ മൂല്യമൊന്നും കൽപ്പിച്ചിരുന്നില്ല.

## പ്രമേയം 9

## വ്യാവസായിക വിപ്ലവം

## Industrial revolution

**1) വ്യാവസായിക വിപ്ലവം ആരംഭിച്ചത് ബ്രിട്ടനിലാണ് എന്തുകൊണ്ട്?**

**ലോകത്തിലെ ആദ്യ വ്യാവസായിക രാഷ്ട്രം എന്ന പദവിയിലേക്കുയരാൻ ബ്രിട്ടനെ സഹായിച്ച നിരവധി ഘടക ങ്ങൾ ഉണ്ട്**

**1) രാഷ്ട്രീയ സുസ്ഥിരത**

- **പതിനേഴാം നൂറ്റാണ്ട് മുതൽ ബ്രിട്ടനിൽ രാഷ്ട്രീയ സുസ്ഥിരത ഉണ്ടായിരുന്നു.**
- **രാജ്യത്തെ കമ്പോളത്തിന് ഒരു ദേശീയ സ്വഭാവമുണ്ടായിരുന്നു**

**2) പണത്തിന്റെ വ്യാപകമായ ഉപയോഗം**

- **പതിനേഴാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ പണം ഒരു വിനിമയ മാധ്യമമെന്ന നിലയിൽ ബ്രിട്ടനിൽ വ്യാപകമായി ഉപയോഗിക്കപ്പെട്ടു**
- **സമൂഹത്തിലെ നല്ലൊരു ഭാഗം ജനങ്ങൾക്ക് കൂലിയായും ശമ്പളമായും സാധനങ്ങൾക്ക് പകരം പണം ലഭിക്കാൻ തുടങ്ങി**

**3) കാർഷിക വിപ്ലവത്തിന്റെ സ്വാധീനം**

- **വ്യവസായ വിപ്ലവത്തിന് മുമ്പ് ബ്രിട്ടനിൽ ഒരു കാർഷിക വിപ്ലവം അരങ്ങേറുകയുണ്ടായി**
- **വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃത വിഭവങ്ങളേയും തൊഴിലാളികളെയും നൽകി കൊണ്ട് കാർഷിക വിപ്ലവം വ്യാവസായിക വിപ്ലവത്തെ സഹായിച്ചു**

**4) നഗരങ്ങൾ വ്യാപാരം ധനം**

- **നഗരങ്ങളുടെയും വ്യാപാരത്തിന്റെയും വളർച്ചയും ധനത്തിന്റെ ലഭ്യതയും വ്യാവസായിക വിപ്ലവത്തെ സഹായിച്ചു**

5) ഇംഗ്ലണ്ടും ഫ്രാൻസും വെസ്റ്റിൻഡീസും ഉൾപ്പെടുന്ന ത്രികോണ വ്യാപാര ശൃംഖലയുടെ കേന്ദ്രമായി ലണ്ടൻ മാറി

6) ലണ്ടന് ലഭിച്ച ആഗോള പ്രാധാന്യം വ്യാവസായിക വിപ്ലവത്തിന് അനുകൂല സാഹചര്യം സൃഷ്ടിച്ചു

7) ജലഗതാഗതത്തിന് അനുയോജ്യമായ നദികൾ

8) ബാങ്കുകളുടെ വളർച്ച

9)ഗ്രാമങ്ങളിൽ നിന്ന് നഗരങ്ങളിലേക്കുള്ള ജനങ്ങളുടെ കുടിയേറ്റം

10) ജനസംഖ്യാ പെരുപ്പം, ഭൂമിശാസ്ത്രപരമായ കിടപ്പ് ,അസംസ്കൃത വിഭവങ്ങളുടെ ലഭ്യത, കോളനികൾ തുടങ്ങിയ അനേകം ഘടകങ്ങൾ വ്യാവസായിക വിപ്ലവം തുടങ്ങുന്നതിന് കാരണമായി തീർന്നു

2) കൽക്കരി ,ഇരുമ്പ് നിർമ്മാണത്തിൽ ഉണ്ടായ കണ്ടുപിടിത്തങ്ങളും മാറ്റങ്ങളും വിശദീകരിച്ചു കൊണ്ട് അവ വ്യവസായ വിപ്ലവത്തെ എങ്ങനെ സഹായിച്ചുവെന്ന് വിശദീകരിക്കുക

- ഡാർബി കുടുംബം ലോഹ സംസ്കരണ വിദ്യയിൽ ഒരു വിപ്ലവം തന്നെ കൊണ്ടുവന്നു
- 1709 ൽ ഇരുമ്പ് ഉരുക്കുന്നതിനാവശ്യമായ ഊഷ്മാവ് നിലനിർത്താൻ കഴിയുന്ന ബ്ലാസ്റ്റ് ഫർണസ് ആദ്യത്തെ എബ്രഹാം ഡാർബി വികസിപ്പിച്ചെടുത്തു .ഡാർബിയുടെ ചൂളയിൽ നിന്ന് വാർത്തെടുത്ത ഇരുമ്പ് ഉറപ്പും ഗുണനിലവാരമുള്ളതുമായിരുന്നു
- രണ്ടാമത്തെ ഡാർബി പച്ചിരുമ്പിൽ നിന്ന് വാർപ്പിരുമ്പ് വികസിപ്പിച്ചെടുത്തു
- മൂന്നാമത്തെ ഡാർബി ലോകത്തിലെ ആദ്യത്തെ ഇരുമ്പ് പാലം നിർമ്മിച്ചു
- ഹെൻറി കോർട്ട് പ്രധാനപ്പെട്ട രണ്ട് കണ്ടുപിടിത്തങ്ങൾ നടത്തി. ഉരുക്കിയ ഇരുമ്പിൽ നിന്ന് മാലിന്യങ്ങൾ നീക്കം ചെയ്യാനുള്ള പുഡ്ലിംഗ് ഫർനസും ഇരുമ്പ് പാളികൾ നിർമ്മിക്കുന്നതിനുള്ള റോളിംഗ് മില്ലും
- ജോൺ വിൽക്കിൻസൻ വാർപ്പിരുമ്പ് ഉപയോഗിച്ച് ജലക്കുഴലുകൾ നിർമ്മിക്കാൻ തുടങ്ങി

3) തുണിവ്യവസായത്തിലെ പ്രധാന കണ്ടുപിടിത്തങ്ങൾ

| | |
|---|---|
| • ഫ്ലയിങ്ങ് ഷട്ടിൽ | ജോൺ കെ |
| • സ്പിന്നിങ്ങ് ജെന്നി | ജെയിംസ് ഹാർഗ്രീവ്സ് |
| • വാട്ടർ ഫ്രെയിം | റിച്ചാർഡ് ആർക് റൈറ്റ് |
| • മ്യൂൾ | സാമുവൽ ക്രോംപ്ടൺ |
| • പവർലൂം | എഡ്മണ്ട് കാർട്ട് റൈറ്റ് |

## പ്രമേയം 10

### തദ്ദേശീയ ജനതകളുടെ സ്ഥാന ഭ്രംശം

### Displacing indegenous peoples

**1)സ്വർണ്ണ പ്രവാഹം (Gold Rush) എന്താണെന്ന് വിശദീകരിക്കുക**

- **1840 കളിൽ യു .എസ് .എ .യിലെ കാലിഫോർണിയയിൽ സ്വർണ്ണ നിക്ഷേപം കണ്ടെത്തി .**
- **ഇത് സ്വർണ്ണം തേടിയുള്ള ജനപ്രവാഹത്തിന് (Gold Rush )വഴി തെളിയിച്ചു .പെട്ടെന്നു തന്നെ സമ്പന്നരാകാമെന്ന മോഹവും പേറി ആയിരക്കണക്കിന് യൂറോപ്യന്മാരാണ് അമേരിക്കയിലേക്ക് പ്രവഹിച്ചത്.**
- **വൻകരയിലുടനീളം റെയിൽ പാതകൾ നിർമ്മിക്കപ്പെട്ടു .ആയിരക്കണക്കിന് ചൈനക്കാരായ തൊഴിലാളി കളെ ഇതിനായി നിയോഗിച്ചു .**
- **1870-ൽ യു .എസ് .എ .യിലും1885- ഓടെ കാനഡയിലും റെയിൽവേ നിർമ്മാണം പൂർത്തിയായി**

2) വടക്കേ അമേരിക്കയിൽ വ്യവസായിക വിപ്ലവമുണ്ടാകാനുള്ള പ്രധാന കാരണം റയിൽവേയുടെ വികസനമാണ് .വിശദീകരിക്കുക

ഇംഗ്ലണ്ടിൽ നിന്ന് വ്യത്യസ്തമായി വടക്കേ അമേരിക്കയിൽ വ്യവസായിക വിപ്ലവമുണ്ടാകാനുള്ള പ്രധാന കാരണം റയിൽവേയുടെ വികസനമാണ്

- റെയിൽവേയുടെ വികാസത്തോടെ ചരക്കു നീക്കം വേഗത്തിലാക്കാനും ദൂര ദേശങ്ങളെ കൂട്ടിയിണക്കാനും കഴിഞ്ഞു
- അമേരിക്കയിൽ വ്യവസായിക വിപ്ലവമുണ്ടാകാനുള്ള മറ്റൊരു കാരണം യന്ത്രങ്ങളുടെ നിർമ്മാണമാണ് .ഇതോടെ വൻതോതിലുള്ള കൃഷി സുഗമ മായി തീർന്നു

## പ്രമേയം 11

## ആധുനികവൽക്കരണത്തിലേക്കുള്ള പാതകൾ

## Paths to modernisation

**1) 1911 ൽ ചൈനയിൽ ഒരു റിപ്പബ്ലിക് ഗവൺമെൻറ് സ്ഥാപിക്കപ്പെട്ടു. വിശദീകരിക്കുക .**

- 1911 ൽ മഞ്ചു സാമ്രാജ്യത്തെ അട്ടിമറിച്ചുകൊണ്ട് സൺ യാത് സെന്നിന്റെ നേതൃത്വത്തിൽ ചൈനയിൽ ഒരു റിപ്പബ്ലിക്ക് സ്ഥാപിക്കപ്പെട്ടു .
- സൺ യാത് സെൻ ആധുനിക ചൈനയുടെ സ്ഥാപകനായി അറിയപ്പെടുന്നു .
- രാജ്യത്തിൻറെ പുനർ നിർമ്മാണത്തിന് വേണ്ടി അദ്ദേഹം ഒരു പരിപാടി തയ്യാറാക്കി .
- *മൂന്നു തത്വങ്ങൾ എന്നാണ് ഇതറിയപ്പെടുന്നത്. ദേശീയത, ജനാധിപത്യം സോഷ്യലിസം എന്നിവയാണ് ആ മൂന്നു തത്വങ്ങൾ*

മഞ്ചുക്കളെയും മറ്റ് വിദേശ സാമ്രാജ്യ വാദികളെയും പുറന്തള്ളുക എന്നാണ് ദേശീയത കൊണ്ട് അദ്ദേഹം അർത്ഥമാക്കിയത് .ജനാധിപത്യം അഥവാ ഒരു ജനാധിപത്യ ഗവണ്മെന്റ് സ്ഥാപിക്കുക

എന്നതാണ് രണ്ടാമത്തെ തത്വത്തിന്റെ ഉദ്ദേശ്യം .മൂലധനത്തെ നിയന്ത്രിക്കുക ഭൂ ഉടമസ്ഥതയിൽ സമത്വ മേർപ്പെടു ത്തുക എന്നിവയാണ് സോഷ്യലിസത്തിന്റെ ലക്ഷ്യം

*2) 1949 ലെ ചൈനീസ് വിപ്ലവത്തെ കുറിച്ച് വിവരിക്കുക*

- **റഷ്യൻ വിപ്ലവത്തെ തുടർന്ന് 1921 ലാണ് ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിച്ചത് .**
- **മാവോ സേതുങ് ആയിരുന്നു സി സി പി യുടെ പ്രമുഖനായ നേതാവ് .**
- **പാർട്ടിയുടെ വളർച്ചയിൽ മാവോ നിർണ്ണായക പങ്കു വഹിച്ചു .അദ്ദേഹം സി സി പി യെ കരുത്തുറ്റൊരു രാഷ്ട്രീയ ശക്തിയാക്കി മാറ്റി .കുമിന്താങ്ങുകളുടെ ആക്രമണം അസഹനീയപ്പോൾ മാവോയും കൂട്ടരും യാങ്സീ മലകളിലേക്ക് പിൻവാങ്ങി .1928 മുതൽ 1934 വരെ അദ്ദേഹം ഇവിടെയാണ് തമ്പടിച്ചത്. അദ്ദേഹം കരുത്തുറ്റൊരുകർഷക കൗൺസിൽ സ്ഥാപിച്ചു .**
- **നിരവധി പരിഷ്കാരങ്ങൾ നടപ്പിലാക്കി .1934 ൽ കുമിന്താങ്ങുകളുടെ ആക്രമണങ്ങളിൽ നിന്ന് രക്ഷപ്പെടുന്നതിനായി മാവോയും കൂട്ടരും തങ്ങളുടെആസ്ഥാനമുപേക്ഷിച്ച് 6000 മൈൽ അകലെയുള്ള യെനാൻ ലക്ഷ്യമാക്കി യാത്ര ആരംഭിച്ചു**
- **ചൈനീസ് ചരിത്രത്തിലെ ഇതിഹാസമായി മാറിയ ഈ സംഭവം ലോങ്ങ് മാർച്ച് എന്ന പേരിൽ അറിയപ്പെടുന്നു .**
- **പുതിയ താവളത്തിൽ എത്തിച്ചേർന്ന കമ്മ്യൂണിസ്റ്റുകൾ അവരുടെ പരിപാടികൾ വികസിപ്പിച്ചു യുദ്ധപ്രഭുക്കന്മാരെ അമർച്ച ചെയ്യാനും ഭൂപരിഷ്കാരങ്ങൾ കൊണ്ടുവരാനും വിദേശ സാമ്രാജ്യത്വത്തിനെതിരെ പൊരുതുന്നതിനും അവർ പ്രാധാന്യം നൽകി .**
- **1937 ൽ ജപ്പാൻ ചൈനയെ ആക്രമിച്ചപ്പോൾ കമ്മ്യൂണിസ്റ്റുകൾ കുമിന്താങ്ങുകളുമായി സഹകരിച്ച് യുദ്ധം ചെയ്തു .എന്നാൽ ഈ സൗഹൃദം തകരുകയും ആഭ്യന്തര യുദ്ധം പുനരാരംഭിക്കുകയും ചെയ്തു .**

- **1949 ഏപ്രിലിൽ കമ്മ്യൂണിസ്റ്റുകൾ തലസ്ഥാനമായ നാങ്കിങ് പിടിച്ചെടുത്തു . ചിയാങ് കൈ ഷെയ്ക്കും സൈന്യവും തായ്‌വാനിലേക്ക് രക്ഷപ്പെട്ടു .**
- **1949 ഒക്ടോബർ 1 ന് മാവോ ചെയർമാനായുള്ള ചീന ജനകീയ റിപ്പബ്ലിക് സ്ഥാപിക്കപ്പെട്ടു**

***3) 1949 ലെ ചീന ജനകീയ റിപ്പബ്ലിക്കിന്റെ അടിസ്ഥാനം പുതിയ ജനാധിപത്യം (നവീന ജനാധിപത്യം) എന്ന ആശയാമായിരുന്നു വിശദീകരിക്കുക***

- **1949 ൽ ചീന ജനകീയ റിപ്പബ്ലിക്ക് സ്ഥാപിക്കപ്പെട്ടു.പുതിയ ജനാധിപത്യം എന്ന ആശയമായിരുന്നു അതിന്റെ അടിസ്ഥാനം**

- **എല്ലാ സാമൂഹ്യവർഗങ്ങളുയുടെയും സഖ്യത്തെയാണ് പുതിയ ജനാധിപത്യം എന്ന് പറയുന്നത് .സമ്പദ് വ്യവസ്ഥയുടെ നിർണായകമായ മേഖലകൾ ഗവണ്മെന്റ് നിയന്ത്രണത്തിലാക്കി .**
- **സ്വകാര്യ ഉദ്യമങ്ങളും ഭൂമിയുടെ സ്വകാര്യ ഉടമസ്ഥതയും ക്രമേണ അവസാനിപ്പിച്ചു .**
- **സോഷ്യലിസ്റ്റ് പരിവർത്തനത്തിന്റെ ഒരു പരിപാടി നടപ്പിലാക്കാൻ പോകുകയാണെന്ന് ഗവണ്മെന്റ് പ്രഖ്യാപിച്ചു.**
- ***ത്വരിത ഗതിയിൽ വ്യവസായ വത്കരണം നടപ്പിലാക്കുന്നതിന് വേണ്ടി 1958 ൽ മഹത്തായ കുതിച്ചു ചാട്ടം (GreatLeap Forward ) എന്ന പരിപാടി മാവോ ആവിഷ്കരിച്ചു .***